
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2025 മാർച്ച്
വില ₹25



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ



**കുട്ടികളുടെ കഥാസരിത്സാഗരം**
**ചേർക്കിൽ ഗോവിന്ദൻകുട്ടിനായർ**
(പുനരാഖ്യാനം)
വില ₹780



**തൊപ്പി പോയ പൂച്ച**
**സൈജ എസ്**
(ചിത്രപുസ്തകം)
വില ₹60



**വീട്, ഒരു പരീക്ഷണശാല**
**പ്രൊഫ. കെ എൻ പ്രസന്നകുമാരി അമ്മ**
(ശാസ്ത്രം)
വില ₹350



**സ്കോട്ലന്റിലെ അദ്ഭുതകഥകൾ**
**ഡോ. ചേരാവള്ളി ശശി**
(പുനരാഖ്യാനം)
വില ₹200



**വൈകുന്നേരത്തെ നടത്തങ്ങൾ**
**വീണ റോസ്കോട്ട്**
(കഥ)
വില ₹140

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,**
**ഫോൺ** 0471 – 233 3790, e-mail : director@ksicl.org

**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.**

MOB: 8547971483 ACCOUNT NUMBER : 67178297569.
NAME: DIRECTOR KSICL, IFSC : SBIN0000941

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ ഇമെയിൽ (thaliru@ksicl.org) അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

മാർച്ച് 2025
വില ₹25
വാർഷികവരിസംഖ്യ ₹250

# തളിര്

March 2025
Vol:32, Issue: 3

ഉള്ളടക്കം

08




## അന്താരാഷ്ട്ര വനിതാദിനം

**എസ് ശാന്തി**

അന്താരാഷ്ട്ര ദിനങ്ങൾക്ക് എല്ലാ വർഷവും ഒരു ആപ്തവാക്യം ഉണ്ടാവും. 2025 വനിതാദിനത്തിന്റെ മുദ്രാവാക്യം എല്ലാ സ്ത്രീകൾക്കും പെൺകുഞ്ഞുങ്ങൾക്കും : അവകാശങ്ങൾ, തുല്യത, ശാക്തീകരണം (For ALL Women and Girls: Rights. Equality. Empowerment) എന്നതാണ്. ഇതേക്കുറിച്ച് കൂടുതൽ അറിയാൻ ഈ ലേഖനം വായിക്കൂ...



11

## അതിഥി

**ആൽബർട്ട് കാമ്യു**

**പുനരാഖ്യാനം: ഉണ്ണിക്കൃഷ്ണൻ പൂങ്കുന്നം**

ദാരു എന്ന അധ്യാപകന്റെ അതിഥിയായി അപ്രതീക്ഷിതമായി എത്തിച്ചേരുകയാണ് രണ്ടു പേർ. അതിഥിക്കും ആതിഥേയർക്കുമിടയിലുണ്ടാകുന്ന മാനസിക സംഘർഷങ്ങളും തുടർന്നുണ്ടാകുന്ന സംഭവങ്ങളും ഹൃദ്യമായി അവതരിപ്പിക്കുകയാണ് ഈ കഥയിൽ.

26

## പ്രിയ കാടിടങ്ങൾ... പ്രിയ ചിത്രകഥകൾ...

**സീമ സുരേഷ്**

ഇന്ത്യയിലെ അഞ്ച് ദേശീയ ഉദ്യാനങ്ങളെ ഈ ലേഖനത്തിലൂടെ പരിചയപ്പെടുത്തുകയാണ് വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫർ കൂടിയായ ലേഖിക.



കവിതാപരിചയം....6
വള്ളത്തോൾ നാരായണമേനോൻ
പറുദീസയെത്താൻ....7
എൻ പി ചന്ദ്രശേഖരൻ
രാത്രി....17
വിശ്വനാഥൻ വടയം
മഞ്ഞുരുകുന്ന കാലം....18
എസ് സതീഷ്
ഭാഷാപരിചയം....23
സാബു കോട്ടുക്കൽ
കടപയാദി....24
പള്ളിയറ ശ്രീധരൻ
ഒന്നു ചിരിക്കൂ....31
കെ എൻ കുട്ടി കടമ്പഴിപ്പുറം
ആരാകും നിങ്ങൾ?....32
പ്രേമജ ഹരീന്ദ്രൻ
ഹായ്... സിന്ദൂരക്കായ്....34
പ്രദീപ് ഓർക്കാട്ടേരി
പുലരിയിൽ....36
സിന്ധു എൻ പി
കലണ്ടർ....37
ചന്ദ്രബാബു വി
ആൻഡിസിന്റെ റാണി....39
ശ്രീപ്രസാദ് വടക്കേപ്പാട്ട്
ഇളംതളിര്....42

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**


ഡിസൈൻ, ലേഔട്ട്
**പ്രദീപ് ഓർക്കാട്ടേരി**

കവർ
**അരുണ ആലഞ്ചേരി**

പ്രൊഡക്ഷൻ
**വിനോദ് ആർ**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790, 8547971483
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org




വര: ബോബി എം പ്രഭ

# ഗണിതം, കല, സർഗാത്മകത

മാർച്ചു മാസം. ഒരധ്യയനവർഷത്തിന്റെ അവസാനം. മാർച്ചു മാസം കൂട്ടുകാർക്ക് പരീക്ഷാക്കാലം ആണ്. ഗണിതശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം മാർച്ചുമാസം വളരെ പ്രധാനപ്പെട്ടതാണ്. 2019 നവംബറിൽ നടന്ന യുനെസ്കോയുടെ 40-ാമത് പൊതുസമ്മേളനത്തിൽ, എല്ലാ വർഷവും മാർച്ച് 14 അന്താരാഷ്ട്ര ഗണിതദിനമായി ആചരിക്കുവാൻ തീരുമാനിച്ചു.

2025 ലെ അന്താരാഷ്ട്ര ഗണിതദിനത്തിന്റെ പ്രമേയം 'ഗണിതം, കല, സർഗാത്മകത' (Mathematics, Art, and Creativity) എന്നതാണ്. ഗണിതശാസ്ത്ര കണ്ടെത്തലിലും കലയിലും കാണപ്പെടുന്ന സർഗാത്മകതയെ ആഘോഷിക്കുന്നതാണ് 2025 ലെ പ്രമേയം. ലോകത്ത് ഏറ്റവും വ്യാപകമായി അറിയപ്പെടുന്ന ഗണിതസ്ഥിരാങ്കങ്ങളിൽ ഒന്നായ പൈയെ 3.14 ആയി റൗണ്ട്ചെയ്ത് കണക്കാക്കുന്നതിനാൽ, പല രാജ്യങ്ങളിലും മാർച്ച് 14, 3/14 പൈ ദിനമായി ആഘോഷിക്കപ്പെടുന്നു.

“ലോകത്തെ മാറ്റിമറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം.” ദക്ഷിണാഫ്രിക്കയുടെ പ്രസിഡണ്ടായിരുന്ന നെൽസൺ മണ്ടേലയുടേതാണീ വാക്കുകൾ. വിദ്യാഭ്യാസത്തിന്റെ ഒരു അനിവാര്യഘടകമാണ് ഗണിതശാസ്ത്രം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നു. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താത്ത ഒരു ദിവസം പോലും നമ്മുടെ ജീവിതത്തിലുണ്ടാകില്ല.

ഹിമാനി അഥവാ ഗ്ലേഷ്യർ, ഇതേക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടാകുമല്ലോ. ഭൂമിയിലെ ശുദ്ധജലത്തിന്റെ ഏറ്റവും വലിയ സ്രോതസ്സുകൾ. ആഗോളകാലാവസ്ഥയെ നിയന്ത്രിക്കുന്നതിൽ നിർണ്ണായകപങ്കാണ് ഇവയ്ക്കുള്ളത്. വേനൽക്കാലത്ത് ഹിമാനികൾ കൂടുതലായി ഉരുകുന്നത് നദികളിൽ വെള്ളപ്പൊക്കത്തിന് കാരണമാകും. കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തരഫലങ്ങളാണ് ഇതിനെല്ലാം കാരണമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ഹിമാനികളുടെ സംരക്ഷണം നമ്മുടെ ഭൂമിക്ക് അത്യന്താപേക്ഷിതമാണ്.

യു എൻ എല്ലാ വർഷവും മാർച്ച് 22 ലോകജലദിനം ആയി ആചരിച്ചു വരുന്നു. 2025 ലെ ലോകജലദിനത്തിന്റെ പ്രമേയം 'ഹിമാനികളുടെ സംരക്ഷണം' (Glaciers' Preservation) എന്നതാണ്. ലോകവന്യജീവിദിനം, അന്താരാഷ്ട്ര വനിതാദിനം, ലോകവനദിനം ഇവയൊക്കെ മാർച്ചുമാസത്തെ മറ്റു വിശേഷദിനങ്ങളാണ്. ഇവയെക്കുറിച്ച് കൂടുതൽ അറിയാൻ ഈ ലക്കം തളിര് വായിക്കൂ...

എല്ലാ കൂട്ടുകാർക്കും വിജയാശംസകൾ. ആശങ്കയില്ലാതെ ആത്മവിശ്വാസത്തോടെ പരീക്ഷയെഴുതാൻ നിങ്ങൾക്കെല്ലാമാകട്ടേ.

സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ


**"ലോകത്തെ മാറ്റിമറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം." ദക്ഷിണാഫ്രിക്കയുടെ പ്രസിഡണ്ടായിരുന്ന നെൽസൺ മണ്ടേലയുടേതാണീ വാക്കുകൾ. വിദ്യാഭ്യാസത്തിന്റെ ഒരു അനിവാര്യ ഘടകമാണ് ഗണിതശാസ്ത്രം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നു. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താത്ത ഒരുദിവസം പോലും നമ്മുടെ ജീവിതത്തിലുണ്ടാകില്ല.**

## സാഹിത്യപ്രതിഭകളിലൂടെ ഒരു യാത്ര



# വള്ളത്തോൾ നാരായണമേനോൻ

ജനനം : 1878
മരണം : 1958
ജനനസ്ഥലം : തിരൂരിനു സമീപം ചേന്നര ഗ്രാമത്തിൽ



വര: കുഞ്ഞിരാമൻ പുതുശ്ശേരി

ആധുനിക മലയാള കവിത്രയത്തിലൊരാളായി വള്ളത്തോൾ നാരായണ മേനോൻ അറിയപ്പെടുന്നു. വാല്മീകി രാമായണവും അനേകം പുരാണങ്ങളും ഋഗ്വേദവും മലയാളത്തിലേക്കു വിവർത്തനം ചെയ്തു. 'കേരള വാല്മീകി' എന്ന അപരനാമത്തിലും അദ്ദേഹത്തെ അറിയപ്പെടുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായ വള്ളത്തോൾ ദേശസ്നേഹം തുളുമ്പുന്ന നിരവധി കവിതകൾ രചിച്ചിട്ടുണ്ട്. 1930 ൽ കുന്നംകുളത്ത് അദ്ദേഹം സ്ഥാപിച്ച കഥകളി വിദ്യാലയമാണ് പിന്നീട് കേരള കലാമണ്ഡലമായി വികസിച്ചത്.

ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, ബധിരവിലാപം, ഗണപതി, ചിത്രയോഗം, സാഹിത്യമഞ്ജരി, മഗ്ദലനമറിയം, കൊച്ചുസീത, അച്ഛനും മകളും എന്നിവയാണ് പ്രധാന കൃതികൾ. മഹാത്മാഗാന്ധിയുടെ ആദർശങ്ങളിൽ അടിയുറച്ചു വിശ്വസിക്കുകയും ഗാന്ധിജിയെ ഗുരുനാഥനായി സ്വീകരിക്കുകയും ചെയ്ത അദ്ദേഹം മഹാത്മജിയെപ്പറ്റിയെഴുതിയ കൃതിയാണ് 'എന്റെ ഗുരുനാഥൻ'. ഗാന്ധിജിയുടെ മരണത്തിൽ ദുഃഖിച്ച് അദ്ദേഹം എഴുതിയ വിലാപകാവ്യമാണ് 'ബാപ്പുജി'. പത്മഭൂഷൺ ഉൾപ്പെടെ നിരവധി ബഹുമതികൾ ലഭിച്ചു. 1958 മാർച്ച് 15 ന് അന്തരിച്ചു.

**മലയാളത്തിലെ സാഹിത്യപ്രതിഭകളെ അറിയാൻ ഒരു അവസരം. ഓരോ മാസവും സാഹിത്യപ്രതിഭകളെ നമുക്കു പരിചയപ്പെടാം.**



# മാതൃവന്ദനം

(വള്ളത്തോൾ നാരായണമേനോന്റെ സാഹിത്യമഞ്ജരിയിലെ 'മാതൃവന്ദനം' എന്ന കവിതയിലെ ഏതാനും വരികളാണ് ഈ ലക്കത്തിലെ കവിതാപരിചയത്തിൽ. മാതൃഭൂമിയെക്കുറിച്ചുള്ള ആത്മാഭിമാനവും ആദരവും എത്രത്തോളമായിരുന്നു അദ്ദേഹത്തിനെന്ന് അടയാളപ്പെടുത്തുകയാണ് ഈ കവിത.)

വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ വരേണ്യയെ, വന്ദിപ്പിൻ വരദയെ!
എത്രയും തപശ്ശക്തി പൂണ്ട ജാമദഗ്ന്യന്നു,
സത്രാജിത്തിനു പണ്ടു സഹസ്രകരൻ പോലെ,

പശ്ച്ചിമരത്നാകരം പ്രീതിയാൽ ദാനം ചെയ്ത
വിശ്വൈകമഹാരത്നമല്ലി നമ്മുടെ രാജ്യം?
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ സമുദ്രാത്മഭൂവാമീ ശ്രീദേവിയെ!

പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വെച്ചും,
സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു-
കൊള്ളുന്നൂ, കുമാരിയും ഗോകർണ്ണേശനുമമ്മേ!

വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനുപാസ്യരായുള്ളോർക്കുമുപാസ്യയെ!
ആഴിവീചികളനുവേലം വെൺനുരകളാൽ,-
ത്തോഴികൾ പോലെ, തവ ചാരുതൃപ്പദങ്ങളിൽ

തൂവെള്ളിച്ചിലമ്പുകളിടുവിക്കുന്നു; തൃപ്തി
കൈവരാഞ്ഞഴിക്കുന്നു! പിന്നെയും തുടരുന്നു!
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനനന്യസാധാരണസൗഭാഗ്യയെ!

വര: ബോബി എം പ്രഭ

കവിത



# പറുദീസയെത്താൻ

എൻ പി ചന്ദ്രശേഖരൻ

പറുദീസയെത്താൻ
എത്ര ദൂരം?
മുപ്പത്തിമുക്കോടി
മൂന്നു മൈല്.

അവിടെത്താൻ കണ്ണുകാണാൻ
തിരിവേണ്ടേ?
അതിനൊരു മെഴുതിരി
നാളം മതി.

മഴ വന്നാൽ മെഴുതിരി
മുനിയില്ലേ?
മഴയിലുമണയാത്ത
തിരി വേണം.

മഞ്ഞു വന്നാൽ മെഴുതിരി
മരവിക്കില്ലേ?
മഞ്ഞിലും മരിക്കാത്ത
തിരി വേണം.

കാറ്റു വന്നാൽ മെഴുതിരി
കണ്ണടയ്ക്കില്ലേ?
കാറ്റിലും കരയാത്ത
തിരി വേണം.

മനസ്സുകൾ മെഴുതിരി
നാളമെങ്കിൽ
ആ തിരി താഴില്ല
കണ്ണുചിമ്മില്ല;

ജീവിതം മെഴുതിരി
യാക്കിയെന്നാൽ
പറുദീസ കാണാം,
പ റു ദീ സ!

വര: ടി ആർ രാജേഷ്

"ഒരു സ്ത്രീയായ എനിക്ക് രാഷ്ട്രം എന്നൊന്നില്ല.
ഈ ഭൂമി മുഴുവൻ എന്റെ ദേശമാണ്."
-വെർജീനിയ വുൾഫ്

# അന്താരാഷ്ട്ര വനിതാ ദിനം മാർച്ച് 8

(സ്ത്രീകൾക്കും പെൺകുഞ്ഞുങ്ങൾക്കും സമൂഹത്തിൽ തുല്യതയുള്ള ഒരു ലോകം)

എസ് ശാന്തി

### എന്തുകൊണ്ട് മാർച്ച് എട്ട്?

1917 ൽ യുദ്ധകാലത്ത് ആയിരക്കണക്കിന് റഷ്യൻ സ്ത്രീകൾ റൊട്ടിയും സമാധാനവും (Bread and Peace) എന്ന അവകാശം ഉന്നയിച്ചുകൊണ്ട് ഒരു പ്രതിഷേധസമരം നടത്തി. ആ ഐതിഹാസിക സമരത്തിന്റെ നാലാം ദിവസം അന്നത്തെ റഷ്യൻ സാർ (Tsar) ചക്രവർത്തി സ്വമേധയാ പദവി ഉപേക്ഷിക്കുകയും താത്കാലിക ഭരണകൂടം സ്ത്രീകൾക്ക് വോട്ടവകാശം നൽകുകയും ചെയ്തു. റഷ്യയിൽ അന്ന് ഉപയോഗിച്ചിരുന്ന ജ്യൂലിയൻ കലണ്ടറനുസരിച്ച് ഫെബ്രുവരി 23ന് ആരംഭിച്ച ആ സഹനസമരം ലോകത്തെല്ലായിടത്തും പ്രചാരത്തിലായിരുന്ന ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച് മാർച്ച് എട്ടാം തീയതി ആയിരുന്നു. അങ്ങനെയാണ് മാർച്ച് എട്ട് അന്താരാഷ്ട്ര വനിതാദിനമായി ലോകമെമ്പാടും ആചരിക്കാൻ തുടങ്ങിയത്.

### എന്തിനാണ് നമ്മൾ അന്താരാഷ്ട്ര ദിനങ്ങൾ ആചരിക്കുന്നത്?

ഭൗമദിനം, പരിസ്ഥിതിദിനം, ജലദിനം, വനദിനം, വനിതാദിനം, യുവജനദിനം, ക്യാൻസർദിനം എന്നിങ്ങനെ നമ്മൾ നിരവധി ദിനങ്ങൾ വർഷം തോറും ആചരിക്കുന്നുണ്ട്. വാസ്തവത്തിൽ ലോകം ഇന്ന് നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാൻ ആണ് ഈ ദിനങ്ങൾ നമ്മൾ ആചരിക്കുന്നത്. മനുഷ്യ ജീവിതത്തിന്റെയും ചരിത്രത്തിന്റെയും പ്രധാന വശങ്ങൾ അടയാളപ്പെടുത്തുന്നതിനും അനുസ്മരിക്കുന്നതിനുമായി ഐക്യരാഷ്ട്രസഭയുടെ പൊതുസഭ യുനെസ്കോയിൽ ആചരിക്കുന്ന ലോകദിനങ്ങൾ അല്ലെങ്കിൽ അന്താരാഷ്ട്ര ദിനങ്ങൾ ആണ് ഇവയിൽ മിക്കവയും.

ലോകജനതയുടെ പകുതി വരുന്ന സ്ത്രീകൾ നേരിടുന്ന സാമൂഹികവും ലൈംഗികവും സാമ്പത്തികവും സാംസ്കാരികവുമായ അതിഭയാനക അവമതികളും വിവേചനങ്ങളും ചൂഷണങ്ങളും അതിക്രമങ്ങളും ലോകശ്രദ്ധയിലേക്കു കൊണ്ടുവരാനാണ് അന്താരാഷ്ട്ര വനിതാദിനം ആചരിക്കുന്നത്. ഏതൊരു കുടുംബത്തിലെയും സ്ത്രീ, അല്ലെങ്കിൽ അമ്മ, കുടുംബത്തിനകത്തോ ജോലിസ്ഥലത്തോ സമൂഹത്തിലോ അതിക്രമങ്ങൾ നേരിടുകയാണെങ്കിൽ, ആ കുടുംബത്തിലെ കുഞ്ഞുങ്ങളും ആ



1908 മാർച്ചിൽ ന്യൂയോർക്ക് സിറ്റിയിൽ നടന്ന വനിതകളുടെ മാർച്ച്

പ്രശ്നത്തിന്റെ ഇരകളാവും. സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ ഏറ്റവും ഗുരുതരമായി ബാധിക്കുക പെൺകുഞ്ഞുങ്ങളെ ആയിരിക്കുമല്ലോ. അവരും ഇതേ അക്രമാസക്തമായ ലോകത്തിലേക്കു തന്നെ വളർന്നുവരുമ്പോൾ തലമുറകളിലേക്ക് നീളുന്ന പീഡനങ്ങളുടെയും അതിക്രമങ്ങളുടെയും പരമ്പരകൾ സൃഷ്ടിക്കപ്പെടുന്നു. അതുകൊണ്ടു തന്നെയാണ് ഈ വർഷത്തെ വനിതാദിന സന്ദേശത്തിൽ പെൺകുഞ്ഞുങ്ങളുടെ അവകാശം കൂടി എടുത്തുപറഞ്ഞിരിക്കുന്നത്.

### സ്ത്രീകൾ ലോകമെമ്പാടും നേരിടുന്ന പ്രശ്നങ്ങൾ

പ്രകൃതിയെ നേരിട്ടാശ്രയിച്ചും ആരാധിച്ചും ജീവിച്ചിരുന്ന കാലത്ത് പ്രാചീന മനുഷ്യരുടെ ഇടയിൽ ഹിംസയും അതിക്രമങ്ങളും വിവേചനങ്ങളും ആധുനിക മനുഷ്യരുടെ ഇടയിൽ ഉള്ളതിനേക്കാൾ വളരെ കുറവായിരുന്നു എന്ന് പല നരവംശ ശാസ്ത്ര പഠനങ്ങളും സ്ഥിരീകരിക്കുന്നു. പ്രകൃതിയെ ആരാധിച്ചിരുന്ന ഗോത്രസമൂഹങ്ങൾ ഒരിക്കലും അവർ ആശ്രയിക്കുന്ന പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്യുകയോ നശിപ്പിക്കുകയോ ചെയ്തിരുന്നില്ല.

പ്രകൃതിയോടുള്ള പരിരക്ഷണ മനോഭാവം ആ മനുഷ്യസമൂഹങ്ങൾ കുഞ്ഞുങ്ങളോടും വൃദ്ധരോടും സ്ത്രീകളോടും മറ്റു ജീവജാലങ്ങളോടും കാണിച്ചിരുന്നു. ഭൗതികപുരോഗതിക്കും സുഖസൗകര്യങ്ങൾക്കും മുൻതൂക്കം കൊടുക്കുന്ന നാഗരിക മിലിറ്ററി വ്യാവസായിക വൻരാഷ്ട്ര വ്യവസ്ഥകളിൽ പ്രകൃതി നമുക്ക് ചൂഷണം ചെയ്യാനുള്ള കേവലം വിഭവം മാത്രമായി മാറി. പ്രകൃതിയെ നേരിട്ടു ജീവിക്കുന്നവർക്കും സമാധാനമായി ജീവിക്കണം എന്നു മാത്രം ആഗ്രഹിക്കുന്നവർക്കും ആദിമവാസികൾക്കും കൃഷിക്കാർക്കും അവർക്കൊപ്പം സ്ത്രീകൾക്കും വിലയില്ലാതായി.

▲ എണ്ണൂറു കോടിയിലേറെ വരുന്ന ലോക ജനസംഖ്യയിൽ 50 കോടിയിലധികം സ്ത്രീകളും പെൺകുഞ്ഞുങ്ങളും അതിഗുരുതരമായ ദാരിദ്ര്യവും പട്ടിണിയും അനുഭവിക്കുന്നവരാണ്. സാമൂഹിക സംരക്ഷണമോ, കൃഷി പോലുള്ള മനസ്സിനിണങ്ങിയ അന്തസ്സുള്ള തൊഴിലുകളോ, സ്വാതന്ത്ര്യമോ സ്ത്രീകൾക്കു നൽകാത്ത നിരവധി രാഷ്ട്രങ്ങൾ ഇന്നും ലോകത്തുണ്ട്.

▲ രാഷ്ട്രനേതൃത്വത്തിന്റെ കാര്യത്തിലോ അധികാരത്തിന്റെ കാര്യത്തിലോ ജീവിതത്തെ നിർണ്ണായകമായി ബാധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്ന കാര്യത്തിലോ സ്ത്രീകൾക്ക് പങ്കാളിത്തം ഇല്ല എന്നു തന്നെ പറയാം. പാർലമെന്ററി സീറ്റുകളുടെ 27 ശതമാനവും തദ്ദേശീയ സർക്കാരുകളുടെ 36 ശതമാനവും മാനേജ്മെന്റ് പദവിയുടെ 28 ശതമാനവും സ്ത്രീകളുടെ നേതൃത്വത്തിലാണ്. പക്ഷേ സ്ത്രീകൾക്ക് സ്വന്തമായ കാഴ്ചപ്പാടുകൾ വളർത്തിയെടുക്കാനോ അവ ഉന്നയിക്കാനോ തീരുമാനങ്ങൾ എടുക്കാനോ കഴിയുന്നില്ല എന്നതാണ് ദുഃഖസത്യം.

▲ 15 കോടിയിലധികം പെൺകുട്ടികൾക്കും ചെറുപ്പക്കാരികൾക്കും അടിസ്ഥാന വിദ്യാഭ്യാസം



## അന്താരാഷ്ട്ര വനിതാദിനം മാർച്ച് 8

*ഒരു നൂറ്റാണ്ടിലേറെയായി ലോകമൊട്ടുക്കുള്ള ജനങ്ങൾ ആചരിക്കുന്ന ഒന്നാണ് അന്താരാഷ്ട്ര വനിതാദിനം. തൊഴിലാളി സമരങ്ങളിൽ നിന്ന് ഉടലെടുത്ത ഒരു പ്രസ്ഥാനമാണ് സ്ത്രീ സ്വാതന്ത്ര്യ പ്രസ്ഥാനം. 1908 ൽ കുറഞ്ഞ ജോലിസമയത്തിനും മാന്യമായ വേതനത്തിനും വോട്ടവകാശത്തിനും വേണ്ടി ന്യൂയോർക്ക് നഗരപാതകളിലൂടെ പതിനയ്യായിരത്തിലധികം സ്ത്രീകൾ മാർച്ച് ചെയ്തപ്പോളാണ് സ്ത്രീകളുടെ അവകാശങ്ങൾ എന്ന വിഷയം തന്നെ ലോകശ്രദ്ധ ആകർഷിച്ചതും സ്ത്രീകളുടെ സ്വാതന്ത്ര്യവും സ്വയംഭരണാവകാശവും സന്തോഷവും ഉയർത്തിപ്പിടിക്കാനുള്ള ഒരു അന്താരാഷ്ട്ര വനിതാദിനം എന്ന ആശയം ഒരുപാടുപേരുടെ മനസ്സിൽ ഉദിച്ചതും. ഒരു വർഷത്തിനു ശേഷം അമേരിക്കൻ സോഷ്യലിസ്റ്റ് പാർട്ടി ആദ്യത്തെ ദേശീയ വനിതാദിനം ആചരിച്ചു.*



ബാലവിവാഹം

പോലും ലഭിക്കുന്നില്ല. വിവാഹപ്രായം കുറയ്ക്കുക, പ്രസവത്തിൽ മരിക്കുന്ന സ്ത്രീകളുടെ എണ്ണം നിയന്ത്രിക്കുക, ഗുരുതരമായ പോഷകാഹാരക്കുറവ് പരിഹരിക്കുക, സുരക്ഷിതമായ ആർത്തവശുചിത്വത്തിന് ആവശ്യമായ ശുദ്ധജലവും സാഹചര്യങ്ങളും നൽകുക തുടങ്ങി സ്ത്രീകളുടെ അടിസ്ഥാന അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിൽ മനുഷ്യരാശി പരാജയപ്പെടുകയാണ്.

▲ വേതനമില്ലാത്ത, എന്നാൽ ഉത്തരവാദിത്തവും ക്ലേശങ്ങളും കൂടുതലുള്ള ദൈനംദിന ജോലികളുടെ ഭൂരിഭാഗവും സ്ത്രീകൾ ആണ് ചെയ്യുന്നത്. ഇത്തരം ജോലികളിൽ നിന്ന് അവർക്ക് ഒരു കാലത്തും മോചനമില്ല താനും. വിദ്യാഭ്യാസവും ഉയർന്ന തൊഴിലുകളും നേടിയെടുക്കാനും ജീവിതത്തിൽ മുന്നേറാനും സ്വന്തം സർഗവാസനകൾ വളർത്താനുമുള്ള അവസരങ്ങളും സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നു.

▲ ശിശുവിവാഹം, ഇളയ കുഞ്ഞുങ്ങളെ വളർത്താനുള്ള ഉത്തരവാദിത്തം തുടങ്ങി പെൺകുഞ്ഞുങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന പാതകങ്ങൾ ഇന്നും പല സമൂഹങ്ങളിലും തുടരുന്നു. വളരെ ദൂരെ നിന്ന് വെള്ളവും വിറകും ചുമന്നു കൊണ്ടുവരുന്നതും പാചകമുൾപ്പെടെ വീട്ടുജോലികൾ എല്ലാം ചെയ്യുന്നതും ഒരുപാടു നാടുകളിൽ ഇന്നും പെൺകുട്ടികളാണ്.

സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്തിയ ജർമ്മൻ സാമൂഹ്യ പ്രവർത്തകയായ ക്ലാര സെറ്റ്കിൻ (Clara Zetkin) ആണ് കോപ്പൻഹേഗനിൽ നടന്ന സ്ത്രീ തൊഴിലാളികളുടെ അന്താരാഷ്ട്ര സമ്മേളനത്തിൽ ആഗോളതലത്തിൽ തന്നെ വനിതാദിനം ആചരിക്കണമെന്ന ആവശ്യം ഉന്നയിച്ചത്. 17 രാഷ്ട്രങ്ങളിൽ നിന്ന് വന്ന നൂറിൽപ്പരം സ്ത്രീകൾ ഈ വാദത്തെ പിൻതാങ്ങി. 1911ൽ ഓസ്ട്രിയയിലും ജർമ്മനിയിലും സ്വിറ്റ്സർലൻഡിലും ആദ്യത്തെ അന്താരാഷ്ട്ര വനിതാദിനം ആചരിക്കപ്പെട്ടു.



▲ എല്ലാ വർഷവും 2450 ലക്ഷം സ്ത്രീകളും പെൺകുഞ്ഞുങ്ങളുമാണ് ശാരീരികവും മാനസികവും ലൈംഗികവുമായ അതിക്രമങ്ങൾക്ക് ഇരയാവുന്നത്. പ്രായം ചെന്ന മുതിർന്ന സ്ത്രീകളും ഭയാനകമായ ഹിംസയ്ക്ക് ഇരകളാവുന്നു.

### 2025 വനിതാദിനത്തിന്റെ മുദ്രാവാക്യം

അന്താരാഷ്ട്ര ദിനങ്ങൾക്ക് എല്ലാ വർഷവും ഒരു ആപ്തവാക്യം ഉണ്ടാവും. 2025 വനിതാദിനത്തിന്റെ മുദ്രാവാക്യം എല്ലാ സ്ത്രീകൾക്കും പെൺകുഞ്ഞുങ്ങൾക്കും : അവകാശങ്ങൾ, തുല്യത, ശാക്തീകരണം (For ALL Women and Girls: Rights. Equality. Empowerment) എന്നതാണ്. സ്ത്രീകൾക്കും പെൺകുഞ്ഞുങ്ങൾക്കും സമൂഹത്തിൽ തുല്യതയുള്ള ഒരു ലോകം സൃഷ്ടിക്കാനുള്ള ആഹ്വാനമാണ് ഈ വർഷത്തെ വനിതാദിനം നൽകു



ന്നത്. ആരും പിൻതള്ളപ്പെടാത്ത, സമാധാനവും സന്തോഷവും സമൃദ്ധിയുമുള്ള ഒരു ഭാവിയാണ് നാം വിഭാവനം ചെയ്യേണ്ടത്. അടുത്ത തലമുറയെ ശാക്തീകരിക്കുക, അവരുടെ സ്വപ്നങ്ങളും ജീവിതസങ്കല്പങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള ഒരു ലോകം പണിയുക എന്നതാണ് ആത്യന്തികമായി മനുഷ്യരാശി ലക്ഷ്യമിടേണ്ടത്. ഈ ലക്ഷ്യത്തിലേക്കുള്ള യത്നത്തിൽ കൗമാരക്കാരും യുവാക്കളും, പ്രത്യേകിച്ച് യുവതികളും പെൺകുട്ടികളും മുൻപന്തിയിൽ തന്നെ ഉണ്ടാവണം. സുസ്ഥിരമായ മാറ്റത്തിന്റെ കാറ്റലിസ്റ്റുകൾ അഥവാ ഉത്പ്രേരകശക്തികൾ ആവേണ്ടത് ഇന്നത്തെ യുവജനതയാണ്. അതും പെൺകുട്ടികൾ.

അഹിംസയ്ക്കും സമാധാനത്തിനും അതിജീവനത്തിനും ആരോഗ്യത്തിനും പ്രകൃതിസംരക്ഷണത്തിനും മുൻതൂക്കം കൊടുക്കുന്ന ഒരു ലോകനിർമിതി സ്ത്രീകളുടെയും പെൺകുട്ടികളുടെയും നേതൃത്വത്തിൽ തന്നെ നടക്കണം. എങ്കിലേ യുദ്ധങ്ങളും കലാപങ്ങളും അനീതിയും അക്രമവും ഇല്ലാത്ത ഒരു സമത്വ സുന്ദര സാഹോദര്യ ലോകം നമുക്ക് പടുത്തുയർത്താനാവൂ.

# അതിഥി

## ആൽബർട്ട് കാമ്യു

പുനരാഖ്യാനം: **ഉണ്ണികൃഷ്ണൻ പൂങ്കുന്നം**



**ആൽബർട്ട് കാമ്യു**

ജനനം 1913ൽ. പ്രശസ്ത ഫ്രഞ്ച് തത്ത്വചിന്തകനും നോവലിസ്റ്റും. സാഹിത്യത്തിനു നോബൽ സമ്മാനം ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ മനുഷ്യരിൽ രണ്ടാമനാണ് കാമ്യു. (ആദ്യ ആൾ റുഡ്യാർഡ് കിപ്ലിംഗ് ആണ്). 1957ൽ കാമ്യുവിന് സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. മൂന്നു വർഷത്തിനുശേഷം ഒരു കാർ അപകടത്തിൽ കാമ്യു അന്തരിച്ചു.

ദാരു ആയിടത്തെ മുഖ്യ അധ്യാപകനായിരുന്നു. വിദ്യാലയത്തിലെ തന്റെ കിടപ്പറയ്ക്കുമുമ്പിലെ വരാന്തയിൽ, രണ്ടുപേർ കുന്നിന്റെ കുത്തനെയുള്ള കയറ്റം കയറി തന്നെ സമീപിക്കുന്നത് നോക്കിക്കൊണ്ട് നിൽക്കുകയായിരുന്നു, അയാൾ. അവരിലൊരാൾ സഞ്ചരിച്ചിരുന്നത്, കുതിരപ്പുറത്തായിരുന്നു. മറ്റെയാൾ കാൽനടയായും. ആ കയറ്റം കയറാൻ അവർ ഏറെ പണിപ്പെടുന്നതായി തോന്നി. മഞ്ഞു മൂടിയ പാതയിലൂടെ അവർ പതുക്കെപ്പതുക്കെയാണ്, മുമ്പോട്ട് നീങ്ങിയിരുന്നത്. തീരെ അവശനായിത്തീർന്ന കുതിരയുടെ ഉച്ചത്തിലുള്ള ശ്വാസോച്ഛ്വാസം കേൾക്കാമായിരുന്നു. പലപ്പോഴും ആ പാവം മൃഗത്തിന്റെ കാലുകൾ ഇടറിയിരുന്നു. അവർക്ക് കുന്നിൻതലപ്പത്ത് എത്തണമെങ്കിൽ, ഇനി അരമണിക്കൂറെങ്കിലും അധ്വാനിക്കേണ്ടിവരും.

ദാരു വശത്തെ ജനലിന്നരികിലേക്ക് നീങ്ങിനിന്നു. അപ്പോൾ അയാൾക്ക് അവരെ കാണാൻ കഴിയുമായിരുന്നില്ല. ഉടനെ, അദ്ദേഹം വിദ്യാലയത്തിന്റെ മുകളിലത്തെ നിലയിൽ കയറിനിന്ന് കീഴ്പോട്ട് നോക്കി. കുതിരപ്പുറത്ത് സവാരി ചെയ്തിരുന്ന ആളെ അയാൾ തിരിച്ചറിഞ്ഞു... പ്രായംചെന്ന പോലീസ് ആഫീസർ ബൽദൂസ്സി. അയാളുടെ പുറകെ നടന്നിരുന്നത്, കൈകളൊരു കയറിന്റെ അറ്റത്ത് കെട്ടിയ, ചെറുപ്പക്കാരനായൊരു കുറ്റവാളിയായിരുന്നു.

കയറിന്റെ മറുഭാഗം ബൽദൂസ്സി കൈവശം വച്ചിരുന്നു. ദാരുവിനെ നോക്കി അയാൾ മറുകൈ ഉയർത്തി അഭിവാദ്യം ചെയ്തു. പക്ഷേ, ദാരു നിശ്ശബ്ദനായി നോക്കിനിന്നതേയുള്ളൂ. മങ്ങലേറ്റ വസ്ത്രങ്ങൾ ധരിച്ച ആ കുറ്റവാളി ചെയ്ത കുറ്റം എന്തായിരിക്കുമെന്ന് ചിന്തിക്കുകയായിരുന്നു, അയാളപ്പോൾ.

അന്നേരം ബൽദൂസ്സി ഒച്ചയുയർത്തി പറഞ്ഞു:

“ഇവിടെ എത്തിച്ചേരാൻ ഒന്നിലേറെ മണിക്കൂർ വേണ്ടിവന്നു.”

അപ്പോഴും ദാരു നിശ്ശബ്ദത പാലിക്കുകയാണുണ്ടായത്. പിന്നീടവർ വിദ്യാലയമുറ്റത്തെത്തിയതും ദാരു പറഞ്ഞു:

കുരുക്ക് അഴിച്ചില്ല. അയാളുടെ തടിച്ചുമലച്ച ചുണ്ടുകളും ഇരുണ്ട കണ്ണുകളും കൂസലില്ലായ്മയുമാണ്, ദാരു അന്നേരം ശ്രദ്ധിച്ചത്. സഹിക്കാനാവാത്ത തണുപ്പേറ്റതു



വര: രശ്മി രാഘവൻ



"അകത്തേക്ക് വരൂ. അല്പം തീ കായാം."

കുറ്റവാളി ഒരിക്കൽപോലും തലയുയർത്തി നോക്കിയില്ല. കയറിലെ പിടി വിടാതെ ബൽദ്ദൂസ്സി ഒരുവിധത്തിൽ കുതിപ്പുറത്തുനിന്നിറങ്ങി. അയാളുടെ കൊമ്പൻമീശയ്ക്കടിയിലെ ചുണ്ടുകളിൽ, താനൊരു സൽകൃത്യം ഏറ്റെടുത്തിരിക്കുന്നുവെന്ന അർഥത്തിൽ, അഭിമാനം കവിയുന്നൊരു പുഞ്ചിരി തെളിഞ്ഞു. അയാളുടെ വികസിച്ച കണ്ണുകളും വെയിലേറ്റ് കരുവാളിച്ച് പരന്ന നെറ്റിയും ചുളിവുകൾ നിറഞ്ഞ മുഖവും കണ്ടാൽ ഊഹിക്കാം, ബൽദ്ദൂസ്സി, ശ്രദ്ധാലുവും അത്യുൽസാഹിയുമായൊരു ഉദ്യോഗസ്ഥനാണെന്ന്... ഒടുവിൽ അവർ മുറ്റത്തെത്തി. കുതിരയെ തൊട്ടപ്പുറത്തുള്ള കാലിത്തൊഴുത്തിൽ തളച്ച്, ബൽദ്ദൂസ്സി, കുറ്റവാളിയോടൊപ്പം ദാരുവിന്റെ മുറിയിലേക്ക് ചെന്നു. അകത്തേക്കു കടന്നതും അയാൾ കയറുകട്ടിലിലേക്ക് ചാഞ്ഞ്, കൈവശമുണ്ടായിരുന്ന കയർ തറയിൽ വച്ചു. പക്ഷേ, കുറ്റവാളിയുടെ കൈകളിലെ കൊണ്ടായിരിക്കണം അയാളുടെ തൊലിപ്പുറമെ നിരവധി ചുളിവുകളുണ്ടായിരുന്നു. അയാൾ വല്ലാതെ അസ്വസ്ഥനായിരുന്നുവെന്ന്, ആ മുഖത്തെ വിവിധ ഭാവങ്ങൾ തെളിയിച്ചു. അതോടൊപ്പംതന്നെ, അയാളൊരു കലാപകാരിയാവാനുള്ള സാധ്യത തള്ളിക്കളയാനാവില്ലെന്നും. അന്നേരം അയാൾ ദാരുവിന്റെ കണ്ണുകളിലേക്കുതന്നെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. അപ്പോൾ, ദാരു പറഞ്ഞു:

"ഞാൻ നിങ്ങൾക്കായി അല്പം ചായ തയ്യാറാക്കട്ടെ. തൽക്കാലത്തേക്ക് നിങ്ങൾ തൊട്ടടുത്ത മുറിയിലേക്ക് മാറിയിരിക്കുന്നതായിരിക്കും, സൗകര്യം."

അത്, കുട്ടികൾക്കുള്ള പഠനമുറിയായിരുന്നു.

"വളരെ നന്ദി..." ബൽദ്ദൂസ്സി പറഞ്ഞു. എന്നിട്ട്, വല്ലാത്ത മടുപ്പോടെ തുടർന്നു: "എന്തൊരു ഉദ്യോഗമാ! ഈ മാറാപ്പുവേലയിൽനിന്ന് എത്രയുംവേഗം വിരമിക്കാൻ കാത്തിരിക്കുകയാണ്, ഞാൻ."

തിരിഞ്ഞ് കുറ്റവാളിയോടായി അയാൾ പറഞ്ഞു. "എഴുന്നേറ്റ് എന്നോടൊപ്പം വരണം..."

ചായക്കോപ്പകളോടൊപ്പം ഒരു കസേരയുമായി ദാരു എത്തി. പക്ഷേ, അപ്പോഴേക്കും ബൽദ്ദൂസ്സി, തൊട്ടടുത്തുള്ള, കുട്ടികളുടെ എഴുത്തുമേശകളിലൊന്നിൽ ഇരുപ്പുറപ്പിച്ചുകഴിഞ്ഞിരുന്നു. കുറ്റവാളി നിലത്തും.

"അയാളുടെ കൈകളിലെ കെട്ടഴിച്ചാൽ മാത്രമേ, സൗകര്യമായി ചായ കുടിക്കാൻ അയാളെക്കൊണ്ടാവുകയുള്ളൂ." ദാരു ഗൗരവത്തോടെ പറഞ്ഞു.

"യാത്ര ചെയ്യുമ്പോൾ, അത് ഒഴിച്ചുകൂടാത്തതാണെന്ന് തോന്നിയതുകൊണ്ടാണ് അങ്ങനെ ചെയ്തത്." ബൽദ്ദൂസ്സി പറഞ്ഞു.

അന്നേരം കുറ്റവാളി, തളർന്ന കണ്ണുകളാൽ ബൽദ്ദൂസ്സിയെത്തന്നെ നോക്കിയിരിക്കുകയായിരുന്നു. കൈകളിലെ കെട്ടഴിച്ചതും കൈ രണ്ടും കൂട്ടിത്തിരുമ്മിക്കൊണ്ട് അയാൾ അവിടെത്തന്നെയിരുന്നു. എന്നിട്ട്, കോപ്പയെടുത്ത്, അതിവേഗം ചായ മൊത്തിക്കുടിക്കാൻ തുടങ്ങി. നിമിഷങ്ങൾക്കുള്ളിൽ, ചായക്കോപ്പ കാലിയായി.

"ഇനിയെങ്ങോട്ടാണ് യാത്ര?" ദാരു ചോദിച്ചു.

ചായക്കോപ്പയിൽനിന്ന് കൊമ്പൻമീശ പിൻവലിച്ച്, ബൽദ്ദൂസ്സി പറഞ്ഞു: "ഞങ്ങൾ വന്നത് ഇവിടേക്കുതന്നെയാണ്."

"അതു കൊള്ളാം. ഇന്ന് രാത്രി മുഴുവൻ ഇവിടെത്തന്നെയാണോ താമസം?"

ഞങ്ങൾ ചുരുക്കം ചിലർ മാത്രമേയുള്ളൂ. എനിക്ക് കിട്ടാനിടയായ ഉത്തരവ് അനുസരിച്ച്, ഇവനെ നിങ്ങളെ ഏൽപ്പിച്ച് തിരികെ വരാനാണ്. നാളെത്തന്നെ, ഇവനെ കൊണ്ടുപോയി അധികാരികൾക്ക് കൈമാറി നിങ്ങൾക്ക് മടങ്ങിവരാം."

അപ്പുറത്തെ തൊഴുത്തിൽനിന്ന് കുതിരയുടെ തുമ്മലും ചീറ്റലും കുളമ്പുകൾ ചേർത്ത് തറയിലുരസ്സുന്ന അലോസരപ്പെടുത്തുന്ന ഒച്ചയും കേൾക്കാമായിരുന്നു.

"അതൊക്കെ പോകട്ടേ. അവൻ ചെയ്ത കുറ്റമെന്തായിരുന്നു?"

**അപ്പോൾ, ദാരുവിന്റെ ഉള്ളിൽ തിളച്ചുമറിഞ്ഞത്, സകലരോടുമുള്ള വിദ്വേഷമായിരുന്നു. അവർ തുടർന്നുപോന്ന അകാരണമായ സ്പർദ്ധയോടായിരുന്നു. ഉടനെ, അദ്ദേഹം ഒരുമ്പെട്ടത്, കുറ്റവാളിക്ക് വീണ്ടും ചായ പകരാനായിരുന്നു. അന്നേരം അയാൾ ചായ കുടിച്ചത്, പ്രത്യക്ഷത്തിൽ യാതൊരുവിധ ആകുലതയോ, തിടുക്കവുമില്ലാതെ, കോപ്പ ഇരുകൈകളിലും ഉയർത്തിപ്പിടിച്ചായിരുന്നു.**

"ഇല്ല. ഞാനിന്നുതന്നെ തിരിച്ചുപോകും. ഇവനെ അധികാരികളെ ഏൽപ്പിക്കേണ്ടത്, നിങ്ങളുടെമാത്രം ചുമതലയാണ്." അത്രയും പറഞ്ഞ്, ബൽദ്ദൂസ്സി, ദാരുവിനെ നോക്കി അർഥവത്തായി പുഞ്ചിരിച്ചുകൊണ്ടിരുന്നു.

"നിങ്ങളെന്താ, എന്നെ കളിയാക്കുകയാണോ?"

"അതാണ്, ഉത്തരവ്."

"ഉത്തരവോ? പക്ഷേ, ഞാൻ..."

"നോക്കൂ... നിങ്ങൾ മനസ്സിലാക്കിയേതീരൂ. ഇവിടത്തെ സകല ചുമതലകളും ഏറ്റെടുക്കാൻ,

"അവൻ...അവൻ സ്വന്തം ബന്ധുവിനെ വകവരുത്തി."

"എന്തുകൊണ്ടാണ്, അവൻ അപ്രകാരം ചെയ്യാനിടയായത്?"

"കുടുംബകലഹമാണെന്ന്, പറയപ്പെടുന്നു. ഗോതമ്പുചാക്കുകളുടെ കണക്കുകളെക്കുറിച്ചുള്ള തർക്കമോ മറ്റോ ആണ്. നിറച്ചാക്കുകൾ മറിച്ചിടുന്ന മുനയുള്ള ഇരുമ്പുകൊളുത്ത് ഉപയോഗിച്ചായിരുന്നുവത്രെ കൃത്യം നടത്തിയത്. യാതൊന്നുംതന്നെ വ്യക്തമല്ല... ഇനിയും ഞാൻ വൈകിക്കുന്നില്ല."

അപ്പോൾ, ദാരുവിന്റെ ഉള്ളിൽ തിളച്ചുമറിഞ്ഞത്, സകലരോടുമുള്ള വിദ്വേഷമായിരുന്നു. അവർ തുടർന്നുപോന്ന അകാരണമായ സ്പർദ്ധയോടായിരുന്നു. ഉടനെ, അദ്ദേഹം ഒരുമ്പെട്ടത്, കുറ്റവാളിക്ക് വീണ്ടും ചായ പകരാനായിരുന്നു. അന്നേരം അയാൾ ചായ കുടിച്ചത്, പ്രത്യക്ഷത്തിൽ യാതൊരുവിധ ആകുലതയോ, തിടുക്കവുമില്ലാതെ, കോപ്പ ഇരുകൈകളിലും ഉയർത്തിപ്പിടിച്ചായിരുന്നു.

"ഇവന് പൊതുവെ, സമൂഹത്തോട് വല്ല എതിർപ്പുമുണ്ടോ?" ദാരു ചോദിച്ചു.

"അക്കാര്യത്തെക്കുറിച്ച് യാതൊരു ഉറപ്പും പറയാനാവില്ല. ഉണ്ടായിരിക്കാം, ഇല്ലായിരിക്കാം... നന്ദിയുണ്ട്, ദാരു. ഇനിയെനിക്ക് പോകണം."

ബൽദ്ദൂസ്സി എഴുന്നേറ്റ് കീശയിൽനിന്നൊരു ചെറുകയർ പുറത്തെടുത്തു. എന്നിട്ട്, കുറ്റവാളിയുടെ നേർക്ക് നടന്നു. എന്നിട്ട് ദാരുവിനെ നോക്കി, കയർ പൊക്കിക്കാണിച്ചു.

"ബുദ്ധിമുട്ടണമെന്നില്ല." ദാരു നിസ്സാരമട്ടിൽ പറഞ്ഞു.

ബൽദ്ദൂസ്സി ഇനിയെന്ത് ചെയ്യണമെന്നറിയാതെ അല്പനേരം പകച്ചുനിന്നു.

"അതൊക്കെ നിങ്ങളുടെ യുക്തംപോലെ. നിങ്ങളുടെ പക്കൽ ആയുധം വല്ലതുമുണ്ടോ?"

"ഉവ്വ്. എന്റെ കൈവശം നിറത്തോക്കുണ്ട്."

"അത് സൂക്ഷിച്ചിരിക്കുന്നത്, എവിടെയാണ്?"

"ഇരുമ്പുപെട്ടിയിൽ."

"അത് കട്ടിലിനു സമീപം വയ്ക്കുന്നതായിരിക്കും കൂടുതൽ സുരക്ഷിതം."

"കാരണം...? പിന്നെ, എനിക്ക് യാതൊരുവിധ പേടിയുമില്ല. ഏതു പരിതസ്ഥിതിയേയും നേരിടാൻ എനിക്ക് കഴിയും."

"നിങ്ങൾക്ക് ഭ്രാന്താണ്, ദാരു. ഉടനെ, ഒരു കലാപം പൊട്ടിപ്പുറപ്പെട്ടാൽ, ആർക്കുംതന്നെ വേണ്ടത്ര നിയന്ത്രണം ഏറ്റെടുക്കാനാവില്ല. നമ്മളൊക്കെയും ഒരേ തോണിയിലെ യാത്രക്കാരാണെന്ന് മറക്കേണ്ട."

"എങ്ങനെയാണ് സ്വയം കാക്കേണ്ടതെന്ന് എനിക്കറിയാം. അതുകൊണ്ട്, നിങ്ങൾ അക്കാര്യത്തെക്കുറിച്ച് ചിന്തിച്ച് ആശങ്കപ്പെടേണ്ട."

"നല്ലത്... നിങ്ങൾ ഒരു അരഭ്രാന്തനാണെന്ന് എനിക്കറിയാം. ഇപ്പോൾ മുഴുഭ്രാന്തനാണെന്നും..." കൊമ്പൻമീശയ്ക്കുകീഴിലെ തൂവെള്ള ഇരുവരിപ്പല്ലുകൾ കാട്ടി ബൽദ്ദൂസ്സി പറഞ്ഞു.

"ആ സ്വഭാവഗുണമാണ്, എന്നെ നിങ്ങളിലേക്ക് നേരത്തെ അടുപ്പിക്കാനിടയായത്..."

അപ്പോൾ ബൽദ്ദൂസ്സി ഒരു കൈത്തോക്കെടുത്ത് മേശപ്പുറത്ത് വച്ചു. "ഇത് കൈവശം കരുതിക്കോളൂ. സംശയിക്കേണ്ട. എന്റെ പക്കൽ ഇനിയുമൊരെണ്ണമുണ്ട്."

വെയിൽനാളങ്ങളേറ്റ്, ആ ആയുധം വെട്ടിത്തിളങ്ങി. ബൽദ്ദൂസ്സി തിരിഞ്ഞുനടക്കാൻ തുടങ്ങിയപ്പോൾ, ദാരു ഒച്ചയുയർത്തി അയാളെ പുറകിൽനിന്ന് വിളിച്ചു:

"ഒരുനിമിഷം..."

ബൽദ്ദൂസ്സി തിരിഞ്ഞു നിന്നപ്പോൾ, ദാരു പറഞ്ഞു: "ഈ സംഭവങ്ങളൊക്കെയും എന്നിലുളവാക്കുന്നത്, അറപ്പും വെറുപ്പുമാണ്. പ്രത്യേകിച്ചും നിങ്ങൾ കൊണ്ടുവന്ന ഈ കുറ്റവാളിയുടെ സാന്നിധ്യം. പിന്നെ, ഞാനിവനെ ആർക്കുംതന്നെ കൈമാറുന്നില്ല. മാത്രമല്ല, വേണ്ടിവന്നാൽ, ആ നീക്കത്തെ ഞാൻ തടയും. മറ്റൊരു കാര്യം, ഒരു കുറ്റവാളിയെന്നതിനപ്പുറം, ഇവനൊരു കലാപകാരിയാണോ?"

"ആണെന്നോ, അല്ലെന്നോ പറയാനാവില്ല... പിന്നെ, നിങ്ങളൊരു മഠയനാണ്. അതൊരു സർക്കാർ ഉത്തരവാണെന്നത്

**ബൽദ്ദൂസ്സി തിരിഞ്ഞുനിന്നപ്പോൾ, ദാരു പറഞ്ഞു: "ഈ സംഭവങ്ങളൊക്കെയും എന്നിലുളവാക്കുന്നത്, അറപ്പും വെറുപ്പുമാണ്. പ്രത്യേകിച്ചും നിങ്ങൾ കൊണ്ടുവന്ന ഈ കുറ്റവാളിയുടെ സാന്നിധ്യം. പിന്നെ, ഞാനിവനെ ആർക്കുംതന്നെ കൈമാറുന്നില്ല. മാത്രമല്ല, വേണ്ടിവന്നാൽ, ആ നീക്കത്തെ ഞാൻ തടയും. മറ്റൊരു കാര്യം, ഒരു കുറ്റവാളിയെന്നതിനപ്പുറം, ഇവനൊരു കലാപകാരിയാണോ?"**

മറക്കേണ്ട." സ്വരം കടുപ്പി ച്ചാണ്, ബൽദ്ദൂസ്സി അപ്രകാരം പറഞ്ഞത്.

"ഇവനെ ഞാനെവിടേയും എത്തിക്കുന്നതല്ല." ദാരു നേരത്തെ പറഞ്ഞതുതന്നെ ആവർത്തിച്ചു.

"ഒരു കുറ്റവാളിയെ നിങ്ങളെ ഏല്പിക്കാൻ എനിക്ക് ഉത്തരവായി. ഞാനത് അനുസരിച്ചു. അത്രമാത്രം... ഞാനേറ്റെടുത്ത ദൗത്യം എന്റെ തന്നിഷ്ടത്തിനാണെന്ന്, കരുതിയോ നിങ്ങൾ? ഒരു മനുഷ്യജീവിയുടെ കൈകളിൽ കയറുകൊണ്ട് കുരുക്കിട്ട് കാൽനടയായി നടത്തിക്കൊണ്ടുവരുന്നത്, എത്രത്തോളം നീചമായൊരു പ്രവൃത്തിയാണെന്ന് എനിക്കറിയാം. തികച്ചും ലജ്ജാവഹവും! അതേസമയം, ഇവനെപ്പോലെയുള്ളവരുടെ നിലപാടുകളൊന്നുംതന്നെ വകവെച്ചുകൊടുക്കാനും സാധ്യമല്ല... ഇനി ഈ കടലാസ്സിലൊന്നൊപ്പിട്ടുതരൂ..."

"അതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഇവനെയെന്നെ ഏൽപ്പിച്ച സത്യാവസ്ഥ ഞാനൊരിക്കലും നിഷേധിക്കില്ല."

"അതെനിക്കറിയാം. എന്നാലും ഈ കടലാസ്സിൽ നിങ്ങൾ ഒപ്പുവച്ചേ മതിയാവൂ. അതാണ്, ചട്ടം. അതിനെ മാനിക്കാത്തത്, നിയമലംഘനമായിരിക്കും."

പിന്നീട്, താമസിച്ചില്ല. ദാരു മേശവലിപ്പ് തുറന്ന് ഒരു പേനയെടുത്ത്, ആ കടലാസ്സിൽ ഒപ്പിട്ടുകൊടുത്തു. ബൽദ്ദൂസ്സി അതീവശ്രദ്ധയോടെ അത് മടക്കി അയാളുടെ പക്കലുള്ള തോൽസഞ്ചിയിൽ തിരുകിവച്ചു. അയാൾ നടക്കാൻ ആരംഭിച്ചപ്പോൾ, ദാരു സൗമ്യനായി പറഞ്ഞു: "അൽപ്പദൂരം ഞാൻ നിങ്ങളോടൊപ്പം വരാം."

"അപ്രകാരമൊരു മാമൂലിന്റെ ആവശ്യമില്ല. മാത്രമല്ല, ഈ വിഷയത്തെച്ചൊല്ലി നിങ്ങളെന്നെ അകാരണമായി അപമാനിച്ചിരിക്കുന്നു."

അങ്ങനെ പറഞ്ഞ് അയാൾ, യാതൊരു അനക്കവുമില്ലാതെ കുത്തിയിരിക്കുന്ന കുറ്റവാളിയുടെ നേർക്കൊന്ന് നോക്കി. എന്നിട്ട്, പറഞ്ഞു: "ഞാൻ പോവുന്നു, കുഞ്ഞേ."

ഉടനെ, അയാളുടെ പുറകിൽ പഠനമുറിയുടെ വാതിലുകൾ അടഞ്ഞു.

അടുത്ത ചില നിമിഷങ്ങളിൽ, മുറ്റത്തുനിന്ന് കുതിരക്കുളമ്പടികൾ അകന്നകന്നുപോവുന്ന ഒച്ച കേട്ടു.

അന്നേരം, ദാരു തിരി ഞ്ഞുനടക്കാനൊരുങ്ങു കയായിരുന്നു. എങ്കിലും അദ്ദേഹം കുറ്റവാളിയുടെ നേർക്ക് നോക്കിക്കൊണ്ട്



അല്പസമയം നിശ്ശബ്ദനായി നിന്നു. ഏതോ ചില ചിന്തകൾക്ക് പ്രേരിതനായി അദ്ദേഹം, ബൽദ്ദൂസ്സി തനിക്കായി ഉപേക്ഷിച്ചുപോയ നിറത്തോക്കെടുത്ത് സ്വന്തം മുറിയിലേക്കു പോയി. എന്നിട്ട്, കട്ടിലിൽ മലർന്നുകിടന്ന്,

ആകാശത്ത് ഇരുട്ടിറങ്ങുന്നത് നോക്കി വീണ്ടും ചിന്തകളിൽ മുഴുകി... പിന്നീട്, എഴുന്നേറ്റതിനു ശേഷമാണ്, അദ്ദേഹം ശ്രദ്ധിച്ചത്, അടുത്ത മുറിയിൽ നിന്ന് ഒച്ചയും അനക്കവുമൊന്നും ഇല്ല. കുറ്റവാളി ഓടി രക്ഷപ്പെട്ടിരിക്കുമോ? അങ്ങനെ, തനിക്കിനി യാതൊന്നും ചെയ്യാനാവാത്ത അവസ്ഥയായോ? അതായത്, ഒടുവിൽ, തന്റെ ക്ലേശങ്ങൾക്കൊക്കെയുമൊരു അറുതി സംഭവിക്കുമെന്നോ? പക്ഷേ, പിന്നീട്, എഴുന്നേറ്റുചെന്ന് നോക്കിയപ്പോൾ, ആ മുറിയിൽത്തന്നെ, മച്ചിൽ നോട്ടമുറപ്പിച്ച് ഇരിക്കുന്ന കുറ്റവാളിയെയാണ് കണ്ടത്.

എണ്ണയും അല്പം പഞ്ചസാരയുംചേർത്ത് ഒരു വലിയ അട പാകംചെയ്തു. നാല് മുട്ടകളെടുത്ത് പൊരിച്ചു. രണ്ട് വിഭവങ്ങളുടേയും പാതിവീതം ഒരു പിഞ്ഞാണത്തിലിട്ട്, കുറ്റവാളിയുടെ മുമ്പിലേക്കു നീട്ടി: "കഴിക്ക്..."

"താങ്കൾക്കോ?"

"നീ കഴിച്ചതിനുശേഷം, ഞാനും കഴിക്കും."

അത്യാർത്തിയെടെ തിന്നുകൊണ്ടിരിക്കുമ്പോൾ, അയാൾ ദാരുവിനോട് ചോദിച്ചു: "താങ്കളാണോ, ജഡ്ജി?"

"അല്ല, നിന്നെയിവിടെ സൂക്ഷിക്കുന്നതിൽക്കവിഞ്ഞ്,

**16**

**അത്രയും പറഞ്ഞുതീർന്നപ്പോൾ, കുറ്റവാളി, ആ ഭാണ്ഡം ഏറ്റുവാങ്ങി നെഞ്ചിനുനേരെ ഉയർത്തിപ്പിടിച്ച്, അടക്കാനാവാത്ത ആകാംക്ഷയോടെ അമ്പരന്നുനിന്നു. അപ്പോൾ, ദാരു പറഞ്ഞു: "ഇനി നേരെപ്പോയാൽ, നിനക്ക് ചെന്നുചേരേണ്ട കൽത്തുറുങ്കിലെത്തും. രണ്ട് മണിക്കൂറെങ്കിലും നടക്കണം. അവിടെ നിന്നെ ഏറ്റെടുക്കാനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാത്തുനിൽക്കുന്നുണ്ടാവും. നിയമപ്രകാരം, ഒരു തടവുപുള്ളിയോട് ഏതു രീതിയിൽ പെരുമാറണമെന്ന് അവർ തീരുമാനിക്കും."**

"എന്നോടൊപ്പം വരണം." ദാരു പറഞ്ഞു.

അയാൾ തട്ടിപ്പിടഞ്ഞെഴുന്നേറ്റ്, ദാരുവിനെ പിന്തുടർന്നു. അദ്ദേഹമൊരു കസേരയുടെ നേർക്ക് വിരൽ ചൂണ്ടിയപ്പോൾ, അയാൾ നിശ്ശബ്ദനായി അതിലിരുന്ന്, ദാരുവിനെ നോക്കി.

"നിനക്ക് വിശക്കുന്നുണ്ടോ?"

"ഉവ്വ്..."

ദാരു ഉടനെ തീൻമേശ തയ്യാറാക്കി. ഗോതമ്പുമാവും

എനിക്ക് മറ്റൊന്നുംതന്നെ ചെയ്യാനില്ല."

പിന്നീട്, ദാരു പുറത്തുപോയി ഒരു മടക്കുകട്ടിൽ കൊണ്ടുവന്ന്, സ്വന്തം കട്ടിലിനോട് ചേർത്തിട്ടു. വിരിപ്പും പുതപ്പും കട്ടിലുകളിലിട്ടു.

"ഇനിയും എനിക്കെന്താണ് സംഭവിക്കുക?" അയാൾ ചോദിച്ചു.

"നിനക്ക് ഭയമുണ്ടോ? ഒരാളുടെ ജീവനെടുത്തതിൽ നിനക്ക് ദുഃഖമുണ്ടോ?"

അയാൾക്ക് യാതൊരു അനക്കവുമില്ലായിരുന്നു.

പക്ഷേ, അൽപ്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം അയാൾ വീണ്ടും ചോദിച്ചു: "ആ സർക്കാരുദ്യോഗസ്ഥൻ നാളെയും വരുമോ?"

"എനിക്കറിയില്ല. എങ്കിലും എന്താണ് അങ്ങനെ ചോദിച്ചത്?"

അയാൾ, മറുപടി പറയാതെ എഴുന്നേറ്റ്, കട്ടിലിൽ നീണ്ടുനിവർന്ന് കിടന്നു.

"എന്തുകൊണ്ട്?" ദാരു ചോദ്യം ആവർത്തിച്ചു.

ഇമകൾ ചിമ്മാതെ അയാൾ മൗനമവലംബിച്ച് കിടക്കുകയാണുണ്ടായത്. ആ കിടപ്പിൽ ഉറങ്ങുകയും ചെയ്തു. ഉറങ്ങാനാവാതെ ദാരു അസ്വസ്ഥനായി രാത്രി മുഴുവനും കഴിച്ചുകൂട്ടി. പുറത്ത്, വിഭ്രാന്തിയുളവാക്കുന്നവിധത്തിൽ, കാതുകൾ തുളയ്ക്കുന്നൊരു മൂളലോടെ കാറ്റ് വീശി. പിന്നീട്, ദാരു കണ്ടത്, കുറ്റവാളി കട്ടിലിൽ നിന്നെഴുന്നേറ്റ്, വാതിൽ തുറന്ന്, വരാന്തയിലേക്കു കടക്കുന്നതാണ്. അയാളന്നേരം ഓടിരക്ഷപ്പെടാനുള്ള ഒരുക്കത്തിലാണ്. എങ്കിൽ, അങ്ങനെത്തന്നെ സംഭവിക്കട്ടെ. ദാരു കരുതി. പക്ഷേ, അപ്രകാരമൊന്നുംതന്നെ സംഭവിച്ചില്ല. കാരണം, ഏറെ വൈകാതെ, അയാൾ അകത്തേക്കു കടന്ന് വാതിൽ ചാരി. കിടന്നു. ഉടനെ, ഉറക്കവുമായി.

പിറ്റേന്നാൾ പുലർച്ചയ്ക്ക്, ദാരുവും അയാളും ചേർന്ന്, കാൽനടയായി അവരുടെ യാത്ര ആരംഭിച്ചു. പാറക്കെട്ടുകളും സമതലങ്ങളും പിന്നിട്ട്, അവർ യാത്ര തുടർന്നു. അപ്പോഴേക്കും

നട്ടുച്ച കഴിഞ്ഞിരുന്നു. ഒടുവിൽ, നടത്തം നിറുത്തി, ദാരു പൊടുന്നനെ നിന്നു. അയാളുടെ മനസ്സിൽ വല്ലാത്തൊരു കനം അനുഭവപ്പെട്ടു. അവർക്ക് പിരിയേണ്ട സമയമായി. ഇനിയെന്താണ് സംഭവിക്കുന്നതെന്നറിയാതെ അന്നേരം, കുറ്റവാളി, അയാളുടെ മുഖത്തേക്കുതന്നെ നോക്കിനിൽക്കുകയായിരുന്നു. അപ്പോൾ, അദ്ദേഹമൊരു ഭാണ്ഡം അയാളുടെ നേരെ നീട്ടിക്കൊണ്ട് പറഞ്ഞു: “ഇത് കൈയിൽ വച്ചോളൂ. ആയിരം ഫ്രാങ്ക്, (ഫ്രാൻസിലെ കറൻസി), പിന്നെ, രണ്ട് ദിവസം കഴിഞ്ഞുകൂടാനുള്ള ആഹാരവുമുണ്ട്. ഈന്തപ്പഴം, റൊട്ടി, പഞ്ചസാര എന്നിവ.”

അത്രയും പറഞ്ഞുതീർന്നപ്പോൾ, കുറ്റവാളി, ആ ഭാണ്ഡം ഏറ്റുവാങ്ങി നെഞ്ചിനുനേരെ ഉയർത്തിപ്പിടിച്ച്, അടക്കാനാവാത്ത ആകാംക്ഷയോടെ അമ്പരന്നുനിന്നു. അപ്പോൾ, ദാരു പറഞ്ഞു:

“ഇനി നേരെപ്പോയാൽ, നിനക്ക് ചെന്നുചേരേണ്ട കൽത്തുറുങ്കിലെത്തും. രണ്ട് മണിക്കൂറെങ്കിലും നടക്കണം. അവിടെ നിന്നെ ഏറ്റെടുക്കാനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാത്തുനിൽക്കുന്നുണ്ടാവും. നിയമപ്രകാരം, ഒരു തടവുപുള്ളിയോട് ഏതുരീതിയിൽ പെരുമാറണമെന്ന് അവർ തീരുമാനിക്കും.”

തന്റെ പക്കലുള്ള ഭാണ്ഡം മാറോട് ചേർത്തുപിടിച്ച് കാൽനടയായി യാത്ര തുടരേണ്ട പാതയിലേക്കുതന്നെ ഭയപ്പാടോടെ നോക്കിക്കൊണ്ട് കുറ്റവാളി പകച്ചുനിന്നു. അപ്പോൾ, ദാരു വിഷണ്ണനായി പറഞ്ഞു:

“ഇനി ഞാൻ നിന്നോടൊപ്പം വരുന്നില്ല.”

അങ്ങനെ പറഞ്ഞതും ദാരു തന്റെ പാർപ്പിടത്തെ ലക്ഷ്യമാക്കി തിരിഞ്ഞുനടന്നു... അൽപ്പനേരത്തേക്ക് തന്റെ കാലൊച്ചയല്ലാതെ മറ്റൊന്നും അദ്ദേഹത്തിനു കേൾക്കാനാവില്ലായിരുന്നു...

പിന്നീട്, ഏറെനേരം നടന്നതിനുശേഷം, അത്രയുംനേരം ഒതുക്കി വച്ചിരുന്ന ജിജ്ഞാസയെ കീഴടക്കാൻ ദാരുവിന് കഴിഞ്ഞില്ല. അടുത്ത നിമിഷം, അദ്ദേഹമൊന്ന് തിരിഞ്ഞുനോക്കി.

ഒരു നനുത്ത പാടപോലെ മഞ്ഞുമൂടിയ ആ നെടുംപാത വിജനമായിരുന്നു...





കവിത

# രാത്രി

വിശ്വനാഥൻ വടയം

നക്ഷത്രക്കുഞ്ഞുങ്ങൾ പൂക്കളായി
ആകാശമേടയിൽ പൂത്തുനിന്നു.
കുളിരുള്ള രാത്രിയിലങ്ങുമിങ്ങും
പൂനിലാവെട്ടം പടർന്നുവീണു.
തൊടിയിലെ മാമരക്കൊമ്പിൽനിന്നും
രാപ്പാടി പാടി മധുരമായി.
മല കടന്നെത്തിയ കൊച്ചുതെന്നൽ
ചുവടുവെപ്പിക്കുന്നു ചെടിനിരയെ.
എങ്ങുമാനന്ദം സുഗന്ധമേകി
മാലോകരെല്ലാരും നിദ്രപൂകി.


വര: അരവിന്ദ് രാമചന്ദ്രൻ

ലോകജലദിനം 2025

# മഞ്ഞുരുകുന്ന കാലം

**എസ് സതീഷ്**

ജീവന്റെ നിലനില്പിന് അത്യന്താപേക്ഷിതമായ ഘടകമാണ് ജലം. ഓരോ തുള്ളി ജലവും സൂക്ഷിച്ച് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ലോകജനതയെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ ലോകരാഷ്ട്രങ്ങളും മാർച്ച് 22 ജലദിനം ആയി ആചരിക്കുന്നത്. ലോക ജലദിനമെന്ന നിർദ്ദേശം ആദ്യമായി ഉയർന്നുവന്നത് 1992ൽ ബ്രസീലിലെ റിയോവിൽ ചേർന്ന യു എൻ കോൺഫറൻസ് ഓൺ എൻവയൺമെന്റ് ആൻഡ് ഡവലപ്മെന്റിലാണ് (UNCED). ഇതേ തുടർന്നാണ് യു എൻ ജനറൽ അസംബ്ലി 1993 മാർച്ച് 22 മുതൽ ഈ ദിനം ലോകജലദിനമായി ആചരിക്കുവാൻ തീരുമാനിച്ചത്.




ഭൂമിയെ ബഹിരാകാശത്തു നിന്ന് കാണുക ഒരു ഹരിതഗൃഹമായല്ല, ഒരു നീലഗോളമായാണ്. കാരണം ഭൂപ്രതലത്തിന്റെ 70 ശതമാനത്തിൽ കൂടുതൽ സമുദ്രജലമാണ്. ഭൗമാന്തരീക്ഷത്തിലും ഭൂമിയുടെ പുറംതോടിലും ദ്രവരൂപത്തിൽ ഏകദേശം 1500 ദശലക്ഷം ക്യൂബിക് കിലോമീറ്റർ ജലമുള്ളതായാണ് കണക്ക്. ഒരുപക്ഷേ ഇതിലും കൂടുതൽ ജലം ഭൂമിയുടെ പുറംതോടിനുള്ളിൽ കാത്സ്യവുമായോ സിലിക്കയുമായോ ബന്ധിക്കപ്പെട്ട ഹൈഡ്രേറ്റഡ് രാസസംയുക്തങ്ങളായി ഉണ്ടാവും എന്നാണ് ഭൗമശാസ്ത്രജ്ഞരുടെ ഏറ്റവും പുതിയ



നിഗമനം. ഭൂമിയിലുള്ള ജലം തുല്യമായി വീതിച്ചാൽ ഓരോ മനുഷ്യനും ഒരു ടില്യൺ ഗാലൻ വെള്ളം കിട്ടണം. പക്ഷേ മനുഷ്യരാശിയുടെ പകുതിയിലേറെ പേർക്ക് ഇന്ന് കുടിക്കാൻ പോലും വേണ്ടത്ര ശുദ്ധജലം കിട്ടുന്നില്ല എന്നതാണ് യാഥാർഥ്യം. ഭൂമുഖത്തെ ശുദ്ധജലം എല്ലായിടത്തും ഒരുപോലെ അല്ല ലഭ്യമായിരിക്കുന്നത്. കാനഡയിൽ ശുദ്ധജലം ഒരു പ്രശ്നമല്ല. പക്ഷേ സൗദി അറേബ്യയിൽ തീർച്ചയായും അത് പ്രശ്നമാണ്. വേണ്ടപ്പോൾ, വേണ്ടയിടത്ത്, വേണ്ട അളവിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനെ ആശ്രയിച്ചാണ് മനുഷ്യവംശത്തിന്റെ വളർച്ചയും വികാസവും.

ലോകത്തെ ഏറ്റവും വലിയ ശുദ്ധജല തടാകങ്ങളാണ് അമേരിക്കൻ ഐക്യനാടുകൾക്കും കാനഡയ്ക്കും ഇടയ്ക്കുള്ള സുപ്പീരിയർ, മിഷിഗ, ഹ്യൂറോ, ഐറി, ഒന്റാറിയോ എന്നീ തടാകങ്ങൾ. പക്ഷേ ഇവയിൽ പലതിലെയും ജലം മനുഷ്യൻ തൊടാൻ പോലും പാടില്ലാത്തത്ര വ്യാവസായിക മാലിന്യങ്ങൾ കലർന്നതാണ്. മധ്യേഷ്യയിലെ രണ്ടു രാജ്യങ്ങൾക്കിടയ്ക്ക് 66,456 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള സമുദ്രമായിരുന്നു ആറൽ സമുദ്രം (Aral Sea). അതിലേക്കു ശുദ്ധജലം എത്തിച്ചേരുന്ന രണ്ടു വലിയ നദികൾ ജലസേചനത്തിന് അണക്കെട്ടുകൾ കെട്ടി തിരിച്ചുവിട്ടതോടെ ഇന്നാ സമുദ്രം ഇല്ല. പക്ഷേ അവിടെ പകരം ഉടലെടുക്കുന്നത് വരണ്ട കടലിന്റെ അടിത്തട്ടിലെ ഏറ്റവും വിഷമയമായ പൊടിമണ്ണാണ്. അത് ചൂടുകാറ്റിൽ പറന്ന് എല്ലായിടത്തും വ്യാപിക്കുന്നു. ലോകത്തെ ഏഴു വലിയ നദികൾ ഇന്ന് സമുദ്രങ്ങളിൽ ഒഴുകിയെത്തുന്നില്ല. അതിൽ ഇന്ത്യയുടെ സിന്ധുനദിയും ഉൾപ്പെടുന്നു.

ഭൂമുഖത്ത് ഊർജ്ജത്തിന്റെ മുഖ്യ സ്രോതസ്സ് സൂര്യനിൽ നിന്ന് 1500 ലക്ഷം കിലോമീറ്റർ സഞ്ചരിച്ച് അന്തരീക്ഷം തുളച്ചുകയറി ഇവിടെ എത്തുന്ന സൂര്യരശ്മികളാണ്. ഭൂമിയുടെ അച്ചുതണ്ടിന്റെ ചെരിവും സൂര്യനെ ചുറ്റിയുള്ള ഭൂമിയുടെ ഭ്രമണപഥം കൃത്യം വൃത്താകൃതിയിൽ അല്ലാത്തതും കാരണം ഭൂമുഖത്തെല്ലായിടത്തും ആണ്ടിൽ ഒരേ അളവിലല്ല സൗരോർജ്ജം എത്തുന്നത്. ഇത് കാലാവസ്ഥാ വ്യതിയാനങ്ങൾക്കു കാരണമാവുന്നു. ഭൂമധ്യരേഖയ്ക്ക് അടുത്തുള്ള ഇടങ്ങളിലും ധ്രുവപ്രദേശങ്ങളിലും ലഭ്യമായ സൗരോർജ്ജത്തിന്റെ അളവിൽ വളരെ വ്യത്യാസമുണ്ട്. ധ്രുവങ്ങളിലെ ജലം തണുത്തുറഞ്ഞു മഞ്ഞാകുന്നതു പോലെ അന്തരീക്ഷത്തിന്റെ ഉയരങ്ങളിലും ജലം ഖരരൂപത്തിലേ നിലനിൽക്കൂ. അന്തരീക്ഷത്തിൽ ഉയരങ്ങളിലേക്ക് ആയിരം മീറ്റർ കടന്നു പോകുമ്പോൾ 6.5 ഡിഗ്രി സെന്റിഗ്രേഡ് ഊഷ്മാവ് കുറയും. അതുകാരണം മലതലപ്പുകളിൽ മഴയല്ല, മഞ്ഞാണ് പെയ്തിറങ്ങുന്നത്.

ഭൂമുഖത്ത് ആകെയുള്ള ശുദ്ധജലത്തിന്റെ 77 ശതമാനം ധ്രുവങ്ങളിലെയും ഗ്രീൻലാൻഡ് ദ്വീപിലെയും പർവ്വത തലപ്പുകളിലെയും മഞ്ഞുപാളികളിൽ ആണ്. അന്റാർട്ടിക്കയിൽ പലയിടത്തും ഈ മഞ്ഞുപാളിക്ക് നാലായിരം മീറ്ററിൽ കൂടുതൽ ആഴമുണ്ട്. ആഗോളതാപനം ഈ ഉറഞ്ഞ ജലത്തെ ദ്രവ, വാതക രൂപങ്ങളിലേക്ക് പെട്ടെന്നു മാറ്റുന്നതുകൊണ്ടുള്ള പ്രത്യാഘാതങ്ങളാണ് ഇന്നു നാം നേരിടുന്ന ഏറ്റവും വലിയ പാരിസ്ഥിതികപ്രശ്നം. അതുകാരണമാണ് ഈ വർഷത്തെ ജലദിനത്തിന്റെ പ്രത്യേക വിഷയം ഹിമാനി അഥവാ മഞ്ഞുനദികളുടെ സംരക്ഷണം (Glaciers' Preservation) എന്ന് നിർദ്ദേശിച്ചിരിക്കുന്നത്.



Credit :Jason Auch

ഭൗമാന്തരീക്ഷം ഉൾക്കൊള്ളുന്ന താപോർജ്ജം വർധിക്കുന്നതനുസരിച്ച് ഈ മഞ്ഞുപാളികൾ അതിദ്രുതം ഉരുകി നദികളിലെ നീരൊഴുക്കോ അല്ലെങ്കിൽ സമുദ്രജലമോ ആയി മാറുന്നു. ഇത് ജലചംക്രമണത്തിന്റെ താളമാകെ തെറ്റിക്കുകയും പലപ്പോഴും വിനാശകരമായ കാലാവസ്ഥാദുരന്തങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

അതിവിശാലമായ വെളുത്ത മഞ്ഞിൻപാളികൾ, അതിൽ വീഴുന്ന സൂര്യരശ്മികളെ പ്രതിഫലിപ്പിച്ച് അന്തരീക്ഷത്തിലേക്കും ബഹിരാകാശത്തേക്കും തിരിച്ചയക്കുന്നത് ഭൂമിയുടെ താപനില നിയന്ത്രിച്ചു നിർത്തുന്നതിൽ വലിയ പങ്കു വഹിക്കുന്നു. ആഗോളതാപനം മഞ്ഞുപാളികളുടെ വ്യാപ്തി കുറയ്ക്കുന്നത് ഭൂമിയിലെ ഊർജ്ജത്തിന്റെ സമതുലിതാവസ്ഥയെ മാറ്റിമറിക്കുന്നു. ഭൂമി കൂടുതൽ കൂടുതൽ ചൂട് ഉൾക്കൊള്ളുന്നു. ഉത്തരധ്രുവം എന്നത് കരപ്രദേശങ്ങളാൽ ചുറ്റപ്പെട്ട ആഴം കുറഞ്ഞ ഒരു ചെറിയ കടലാണ്. ഉത്തരാർധഗോളത്തിലെ മഞ്ഞുകാലത്തുപോലും താരതമ്യേന കട്ടി കുറഞ്ഞ ഒരു

മഞ്ഞുപാളി മാത്രമേ ആ കടലിനെ പൊതിയാൻ ഉണ്ടായിരുന്നുള്ളൂ. അതിപ്പോൾ വളരെ നേരത്തേ ഉരുകി മഞ്ഞു മൂടാത്ത കടലായിത്തീരുകയാണ്.

ഭൂമിയിലെ കാലാവസ്ഥ എന്നതിന്റെ അടിസ്ഥാനം തന്നെ ഭൂമുഖത്തെത്തുന്ന ഊർജ്ജത്തിന്റെ ഏറ്റക്കുറച്ചിലും അത് ഭൂപ്രതലത്തിൽ വിന്യസിക്കപ്പെടുന്നതിന്റെ വ്യത്യാസങ്ങളുമാണ്. ഭൂമിയുടെ ഉപരിതലത്തിലെ 73 ശതമാനം കടലുകളാണ്. കൂടുതൽ ഊർജ്ജം ഇവിടെയാണ് പതിക്കുക. ജലത്തിന് കൂടുതൽ വേഗം ചൂട് ഉൾക്കൊള്ളാനും അതുപോലെ തന്നെ നിലനിർത്താനും കഴിയും. ധ്രുവപ്രദേശങ്ങൾക്കും ഭൂമധ്യരേഖാ പ്രദേശത്തിനും തമ്മിലുള്ള ഊർജ്ജലഭ്യതയിലെ വലിയ വ്യത്യാസം സങ്കീർണ്ണ സമുദ്രജലപ്രവാഹങ്ങൾ സൃഷ്ടിക്കുന്നു. തണുത്ത ജലത്തിന് സാന്ദ്രത കൂടുതലാണ്. ചൂടുള്ള ജലത്തിന് സാന്ദ്രത കുറവും. ഭൂമധ്യരേഖാപ്രദേശത്ത് കൂടുതൽ ചൂടുൾക്കൊണ്ട സമുദ്രജലം ഉപരിതലത്തിലൂടെ ധ്രുവങ്ങളിലേക്കു ചലിക്കുന്നു. അവിടെ കൂടുതൽ തണുത്ത് ആഴങ്ങളിലേക്ക് താഴ്ന്നിറങ്ങുന്നതു കാരണം ഭൂമധ്യരേഖയ്ക്കടുത്തുള്ള സമുദ്രജലത്തിന്റെ ധ്രുവങ്ങളിലേക്കുള്ള പ്രവാഹം തുടരുന്നു.





തണുത്തുറഞ്ഞ ജലം മഞ്ഞിൻ പരലുകളായി മാറുന്നു. തുടർച്ചയായി അവ ഭൂമിയിൽ പതിച്ച് മഞ്ഞിന്റെ ഒരു ആവരണമായിത്തീരുന്നു. ആഴത്തിൽ മഞ്ഞുപാളികൾക്കുള്ളിൽ മഞ്ഞിൻപരലുകൾ വലിയ സമ്മർദ്ദത്തിന് വിധേയമാവുന്നു. ഇതുകാരണം മഞ്ഞുറഞ്ഞ് കട്ടിയുള്ള സ്ഫടികം പോലെയാവും. ചെരിവുള്ള പ്രതലത്തിലാണ് ആഴത്തിൽ മഞ്ഞുപാളികൾ സ്ഥിതി ചെയ്യുന്നതെങ്കിൽ അത് മെല്ലെ താഴേക്കു വഴുതി ചലിക്കാൻ തുടങ്ങും. ഈ മഞ്ഞുനദി അഥവാ ഹിമാനിയെ ഗ്ലേഷ്യർ എന്നാണ് വിളിക്കുക.

അന്റാർട്ടിക്കൻ ഭൂഖണ്ഡത്തെ പൊതിഞ്ഞ് (മുകൾപ്പരപ്പിലെ മഞ്ഞെല്ലാം ഉരുകിമാറിയാൽ ഒരു ഭൂഖണ്ഡമല്ല, കുറെ ദ്വീപുകളാണ് അന്റാർട്ടിക്ക എന്നാണ് ഏറ്റവും ആധുനിക ശാസ്ത്രനിഗമനം) കോടിക്കണക്കിനു വർഷങ്ങളുടെ പഴക്കമുള്ള, 139 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചിരിക്കുന്ന ഈ മഞ്ഞിന്റെ പുതപ്പാണ് ലോകത്തെ ഏറ്റവും വലിയ ശുദ്ധജലസംഭരണി. പല ഇടങ്ങളിലും ഈ മഞ്ഞുപാളിക്ക് 4300 മീറ്ററിൽ കൂടുതൽ ആഴമുണ്ട്. ഇത്തരം അതിവിശാലമായ മഞ്ഞുമേഖലയെ ഐസ് ഷീറ്റ് എന്നാണ് വിളിക്കുക. അതിന്റെ അതിരുകൾ പല ഇടങ്ങളിലും കടലിലേക്കിറങ്ങി വരും. നൂറ്റിക്കണക്കിനു മീറ്റർ ഉയരത്തിൽ സമുദ്രജലത്തിന്റെ ഉപരിതലത്തിലുള്ള ഐസ് ഷീറ്റിന്റെ വക്കുകളെ ഐസ് ഷെൽഫ് എന്നാണ് വിളിക്കുക. കോടിക്കണക്കിനു വർഷങ്ങളായി അന്റാർട്ടിക്കൻ ഭൂഖണ്ഡത്തിന്റെ പല കോണുകളിൽ നിന്ന് മെല്ലെ തീരങ്ങളിലേക്കു ചലിച്ചുകൊണ്ടിരിക്കുന്ന ഗ്ലേഷ്യറുകളുടെ കാലറ്റങ്ങളാണ് ഈ ഷെൽഫുകൾ. ഇവ പലപ്പോഴും കടലിന്റെ ചലനം കാരണമോ സമുദ്രജലത്തിന്റെ താപനില ഉയരുന്നതു കാരണമോ പൊട്ടിയടർന്ന് കടലിലൊഴുകി സഞ്ചരിക്കും. ഇവയെ ഐസ് ബർഗ് എന്നാണ് വിളിക്കുക. ഐസ്ബർഗുകൾ ഐസ്ഷെൽഫിൽ നിന്ന് പൊട്ടിയടർന്ന് ജനിക്കുന്ന പ്രക്രിയയെ കാവിങ് (Calving) എന്ന് പറയും. ഇവയിൽ പലതും ഭീമാകാര വലുപ്പമുള്ളവ ആകും. ഇന്നുവരെ കണ്ടിട്ടുള്ളതിൽ ഏറ്റവും വലിയ ഒരു ഐസ്ബർഗിനു 8000 ചതുരശ്ര കിലോമീറ്റർ ഉപരിതല വിസ്തൃതി ഉണ്ടായിരുന്നു. ഇവയുടെ പുറത്തുകാണുന്ന വലുപ്പം മൊത്തം വലുപ്പത്തിന്റെ 20 ശതമാനം മാത്രമാണ്. ഒരു ചെറിയ ഐസ്ബർഗിൽ 1912 ഏപ്രിൽ 14 നു ഇടിച്ചിട്ടാണ് ടൈറ്റാനിക്ക് കപ്പലിന് ചേതം സംഭവിച്ചത്.

ആഗോളതാപനം കൂടുതൽ വലുപ്പത്തിൽ, കൂടുതൽ എണ്ണങ്ങളിൽ ഐസ്ബർഗുകളെ ജനിപ്പിക്കുന്നു. ഇന്ന് ലോകശ്രദ്ധ ആകർഷിച്ചിരിക്കുന്ന പശ്ചിമ അന്റാർട്ടിക്കൻ മഞ്ഞുപാളിയിലെ ചെകുത്താന്റെ മഞ്ഞുപാളി (Devil's Glacier) അഥവാ ത്വയ്റ്റ്സ് ഗ്ലേഷ്യർ (Thwaites Glacier) മാത്രം അലിഞ്ഞു കടലിലെത്തിയാൽ, അത് താങ്ങിനിർത്തിയിരിക്കുന്ന പശ്ചിമ അന്റാർട്ടിക്കയിലെ ലക്ഷക്കണക്കിന് ചതുരശ്ര കിലോമീറ്റർ മഞ്ഞുപാളികളൊക്കെ വഴുതി കടലിലെത്തുമെന്നും അതുകാരണം സമുദ്രനിരപ്പ് വളരെ പെട്ടെന്ന് നൂറ്റിക്കണക്കിനു മീറ്റർ ഉയരുമെന്നും ചില ശാസ്ത്രജ്ഞർ ഭയപ്പെടുന്നു.

മഞ്ഞുകാലത്ത് ഐസ് ഷെൽഫുകളോട് ചേർന്ന് കടൽവെള്ളം കൂടുതൽ തണുത്ത് പാക്ക് ഐസ്



Credit :Bijaya2043

(Pack Ice) എന്നു പേരുള്ള ശിഥിലമായ മഞ്ഞുകട്ടകൾ ഉണ്ടാവും. ഈ പാക്ക് ഐസിൽ അങ്ങിങ്ങായി വിള്ളലുകളും അവയിൽ തണുത്ത ഉപ്പിന്റെ അംശം കൂടിയ സമുദ്രജലവും ആയിരിക്കും. വേനലിൽ പാക്ക് ഐസ് മിക്കവാറും ഉരുകി അപ്രത്യക്ഷമാവും.

അന്റാർട്ടിക്കൻ ഐസ് ഷീറ്റ് കഴിഞ്ഞാൽ ലോകത്തേറ്റവും വിസ്തൃതിയുള്ള മഞ്ഞിൻ പരപ്പ് ഉത്തരധ്രുവ കടലിനും അത്‌ലാന്റിക് സമുദ്രത്തിനും ഇടയ്ക്കുള്ള ഗ്രീൻലാൻഡ് ദ്വീപിനെ പൊതിയുന്ന ഐസ് ഷീറ്റാണ്. ഇതിന് 17 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. പഴക്കവും താരതമ്യേന കുറവാണ്, 15,000 വർഷങ്ങൾ മാത്രം. കട്ടിയും കുറവാണ്. ഇതാണ് ഇന്ന് ഏറ്റവും പെട്ടെന്ന് ഉരുകി മാറുന്നത്. ആഗോളതാപനത്തിന്റെ വേഗത ഉത്തരധ്രുവപ്രദേശത്തും ഗ്രീൻലാൻഡിലും മറ്റു ഭൂപ്രദേശങ്ങളെക്കാളും ഇരുപതിരട്ടി വേഗത്തിൽ ആണെന്നതാണ് ഭയപ്പെടുത്തുന്ന മറ്റൊരു യാഥാർഥ്യം. ഗുരുത്വാകർഷണം കൊണ്ട് മഞ്ഞിൻപരപ്പുകളിലൂടെ വഴുതി ചലിക്കുന്ന ഗ്ലേഷ്യറുകളിൽ ഏറ്റവും വലുത് അന്റാർട്ടിക്കയിലെ 515 കിലോമീറ്റർ നീളമുള്ള ലാമ്പർട്ട ്ഫിഷർ (Lambert-Fisher) ഗ്ലേഷ്യർ ആണ്. ലോകത്തു മൊത്തമുള്ള ശുദ്ധജലത്തിന്റെ 12 ശതമാനം ഈ ഒരൊറ്റ മഞ്ഞുനദി ഉൾക്കൊണ്ടിരിക്കുന്നു!

അന്റാർട്ടിക്കയും ഗ്രീൻലാൻഡും കഴിഞ്ഞാൽ ലോകത്തേറ്റവും ഗ്ലേഷ്യറുകൾ ഉള്ളത് പർവ്വതത്തലപ്പുകളിൽ ആണ്. മലമടക്കുകളിലൂടെ താഴേക്കു നീങ്ങുന്ന ഇവയെ വാലി ഗ്ലേഷ്യറുകൾ (Valley Glaciers) എന്നു വിളിക്കുന്നു. അത്തരത്തിലെ ലോകത്തിൽ ഏറ്റവും വലിയ ഗ്ലേഷ്യറുകളിൽ ഒന്നാണ് ഇന്തോ-പാക് അതിർത്തിയിലെ 70 കിലോമീറ്റർ നീളമുള്ള സിയാചിൻ ഗ്ലേഷ്യർ.

ഇന്ത്യയെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന ആഗോളതാപനത്തിന്റെ ഒരു പ്രത്യാഘാതം പർവ്വത താഴ്‌വാര ഗ്ലേഷ്യറുകളുടെ അപ്രത്യക്ഷമാകലാണ്. സിന്ധുവിന്റെയും ഗംഗയുടെയും ബ്രഹ്മപുത്രയുടെയും ഹിമാലയ ചെരുവുകളിലുള്ള ഗ്ലേഷ്യറുകളുടെ പെട്ടെന്നുള്ള ചുരുങ്ങൽ ഉത്തരേന്ത്യയിലെ ജലലഭ്യതയെ അതിരൂക്ഷമായി ബാധിക്കും. ഗംഗാനദിയുടെ പ്രഭവസ്ഥാനത്തുള്ള ഗോമുഖ് എന്ന ഗ്ലേഷ്യർ ഇല്ലാതായിക്കഴിഞ്ഞത് പത്രവാർത്തയായത് ആഗോളതാപനം ഒരു ചർച്ചാവിഷയം ആവുതിനും മുൻപാണ്. കുറച്ചു ദിവസങ്ങളേ ആയിട്ടുള്ളൂ, അരുണാചൽപ്രദേശിൽ മാത്രം 111 ഗ്ലേഷ്യറുകൾ അതിവേഗം അപ്രത്യക്ഷമാവുന്നു എന്ന പത്രവാർത്ത വന്നിട്ട്.

പർവ്വതച്ചെരുവികളിലൂടെ ചലിക്കുന്ന ഗ്ലേഷ്യറുകൾ അതിശക്തമായി മലഞ്ചെരുവുകളെ കാർന്ന് പാറ അടർത്തിയും പൊടിച്ചും താഴേക്ക് വഹിച്ചുകൊണ്ടുപോവും. മഞ്ഞുരുകി ഗ്ലേഷ്യറുകൾ പിൻവാങ്ങുമ്പോൾ അവ ഗ്ലേഷ്യറുകളുടെ ഇരുകരകളിലും താഴെയറ്റത്തും (Glacier Snout) പാറപ്പൊടിയുടെയും പാറക്കഷണങ്ങളുടെയും വരമ്പുകളും കൂന

കളും ബാക്കി വെക്കും. ഇവയെ മൊറെയ്ൻ (Moraine) എന്നു വിളിക്കും. പലപ്പോഴും പെട്ടെന്ന് മഞ്ഞുരുകിയാൽ പ്രളയജലം വന്ന് താഴ്‌വാരത്തിനു കുറുകെ നിക്ഷേപിക്കപ്പെട്ട മൊറെയ്നിൽ, അണക്കെട്ടിന്റെ പിന്നിൽ എന്ന പോലെ, കെട്ടിക്കിടന്ന് ഒരു താൽക്കാലിക ജലസംഭരണി സൃഷ്ടിക്കും. പിന്നെ ജലത്തിന്റെ സമ്മർദ്ദം കൊണ്ടോ, താഴ്‌വാരചെരുവുകൾ ഇടിഞ്ഞുവീണിട്ടോ, ഭൂചലനം കൊണ്ടോ പെട്ടെന്ന് നീരൊഴുക്കിനുള്ള പ്രതിബന്ധം തകർന്നാൽ നാശം വിതച്ച് പ്രളയജലം താഴേക്ക് കുതിക്കും. അടുത്തിടെ ഇന്ത്യയിലെ സിക്കിം സംസ്ഥാനത്തിലെ ടീസ്റ്റ നദിയിലെ കെട്ടിക്കൊണ്ടിരിക്കുന്ന അണക്കെട്ടും അതിലും താഴെയുള്ള ജനവാസമേഖലകളും ഒഴുകിപ്പോയത് ചെറിയ പത്രവാർത്ത ആയിരുന്നു. ഒരുപക്ഷേ വരുംകാലങ്ങളിൽ ആഗോളതാപനം ഹിമാലയ പർവ്വതസാനുക്കളിൽ സൃഷ്ടിക്കുന്ന ഏറ്റവും വലിയ പ്രകൃതിദുരന്തം ഇത്തരം ഗ്ലേഷ്യർ ഉരുകലുകളും അണക്കെട്ടു പൊട്ടലുകളും അതിനൊപ്പം ഉണ്ടാവുന്ന പ്രളയങ്ങളും ആയിക്കൂടായ്കയില്ല.

മനുഷ്യൻ ഭൂമിയിൽ പരിണമിച്ചുണ്ടാവുതിന് എത്രയോ മുൻപ് പല ആവർത്തി ഭൂമുഖത്ത് ഭൂഖണ്ഡങ്ങൾ മൊത്തം മൂടി മഞ്ഞിൻപരപ്പുകൾ വികസിക്കുകയും പിന്നെ പലപ്പോഴും ഭൂമുഖത്ത് മഞ്ഞേ ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്. ഈ മാറ്റങ്ങളുടെ ശേഷിപ്പുകളാണ് ഇന്ന് പലയിടങ്ങളിലും നാം കാണുന്ന ഭൂമിയുടെ ഉപരിതലം. ഭൂമിശാസ്ത്രവും ഭൂഗർഭശാസ്ത്രവും ഇവയൊക്കെ നമ്മെ വായിച്ചെടുക്കാൻ സഹായിക്കുന്ന രസകരമായ ശാസ്ത്രാന്വേഷണ രീതികളാണ്. ഒപ്പം ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചു ഭാഗികമായെങ്കിലും മുൻകൂട്ടി കാണിച്ചുതരാനും ഇവയ്ക്കു കഴിയും. പക്ഷേ ജനതകൾക്കും ദേശീയതകൾക്കും അപ്പുറം എല്ലാവരെയും പ്രതികൂലമായി ബാധിക്കുന്ന മഞ്ഞുരുകൽ മനുഷ്യരാശിയുടെ മൊത്തം അടിസ്ഥാനമാറ്റങ്ങളിലൂടെയല്ലാതെ ഒറ്റയ്ക്കൊരിടത്തും തിരുത്താനുമാവില്ല.

ജൈവമണ്ഡലത്തിലെ ഊർജ്ജ പദാർത്ഥ പ്രവാഹങ്ങളുടെ ഏറ്റവും നിർണ്ണായകമായ ഒന്നാണ് ജലചംക്രമണം. അതിന്റെ മൊത്തം താളം തെറ്റലുകളുടെ ലക്ഷണങ്ങളാണ് വരൾച്ചയും പ്രളയവും ഹിമാനികളുടെ ഉരുകലും. ഈ അതിസങ്കീർണ്ണ മാറ്റംമറിച്ചിലിനെ അതിന്റെ പൂർണ്ണതയിൽ വിശകലനം ചെയ്യേണ്ടതുണ്ട്. നീണ്ട കാലത്തിലൂടെ മാത്രം നടപ്പിലാക്കാൻ കഴിയുന്ന മനുഷ്യനും മനുഷ്യൻ ജീവിക്കുന്ന ചുറ്റുപാടുകളും തമ്മിലുള്ള പരസ്പരാശ്രിത പരസ്പര പൂരകബന്ധങ്ങളിൽ നാം വരുത്തേണ്ടുന്ന അടിസ്ഥാനമാറ്റങ്ങളിലാണ് ഉത്തരം.

ഹിമാനികളെ മാത്രമായി നമുക്ക് സംരക്ഷിക്കാനാവില്ല. കടലുകളെയോ നദികളെയോ മാത്രമായി ശുദ്ധീകരിക്കാനുമാവില്ല.



# കൃതി -വിഭാഗങ്ങൾ

സാബു കോട്ടുക്കൽ

കൃതിയെക്കുറിച്ച് മുൻപ് പറഞ്ഞത് എന്താണ്? ഓർക്കുന്നുണ്ടോ? ഏതെങ്കിലും ഒരു പ്രവൃത്തിയെയോ അവസ്ഥയെയോ സൂചിപ്പിക്കുന്ന പ്രക്രിയയ്ക്കാണല്ലോ കൃതി എന്നു പറയുന്നത്. ഉദാഹരണങ്ങളും പരിചയപ്പെട്ടു കഴിഞ്ഞതാണ്. ഇനി നമുക്ക് കൃതിയുടെ വിഭാഗങ്ങൾ ഏതെല്ലാമാണെന്നാണ് അറിയേണ്ടത്.

കൃതിയെ പലതരത്തിലും വിഭജിക്കാറുണ്ട്. അവയിൽ പ്രധാനപ്പെട്ട രണ്ടു വിഭാഗങ്ങളെപ്പറ്റിയാണ് ഇനി പറയുന്നത്. അവ ഏതൊക്കെയാണെന്ന് മനസ്സിലാക്കാം.

### 1. സകർമ്മകം - അകർമ്മകം

എല്ലാ കൃതികൾക്കും വ്യാപാരം, ഫലം എന്നിങ്ങനെ രണ്ട് ഘടകങ്ങളുണ്ട് എന്ന് മുൻപ് പറഞ്ഞിട്ടുള്ളത് ഓർക്കണം. നടക്കുന്നു എന്ന കൃതി ഉദാഹരണമായെടുക്കാം. നടക്കുന്നു എന്ന കൃതിയിലെ വ്യാപാരം കാലുകൾ ചലിപ്പിക്കുന്നു എന്നതാണ്. അതിന്റെ ഫലമോ? ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് എത്തിച്ചേരാൻ കഴിയുന്നു എന്നതാണ്. എല്ലാ കൃതികൾക്കും ഇങ്ങനെ വ്യാപാരമെന്നും ഫലമെന്നും രണ്ടു ഘടകങ്ങളുണ്ട്.

കൃതിയുടെ വ്യാപാരവും ഫലവും ഒരു വ്യക്തിയിൽ അഥവാ വസ്തുവിൽ കേന്ദ്രീകരിക്കുകയാണെങ്കിൽ ആ കൃതി അകർമ്മകമാകും. കുട്ടി ഓടുന്നു എന്ന വാക്യം നോക്കൂ. ഓടുന്നു എന്നുള്ളതാണ് ഈ വാക്യത്തിലെ കൃതി. ഓടുന്നു എന്ന കൃതിയുടെ വ്യാപാരം കാലുകൾ വേഗത്തിൽ ചലിപ്പിക്കുക എന്നുള്ളതാണ്. അത് ചെയ്യുന്നത് കുട്ടിയാണല്ലോ. അതിന്റെ ഫലമാകട്ടെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്ത് എത്തിച്ചേരൽ ആണ്. ഓടിയ അതേ കുട്ടി തന്നെയാണല്ലോ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് എത്തിച്ചേർന്നത്. അപ്പോൾ വ്യാപാരവും ഫലവും കുട്ടിയിൽ തന്നെയാണ് ഉള്ളത് എന്ന് വ്യക്തം. ഇങ്ങനെ കൃതിയുടെ വ്യാപാരവും ഫലവും ഒരു വസ്തുവിൽ കേന്ദ്രീകരിക്കുന്നു എങ്കിൽ അത്തരം കൃതികൾ അകർമ്മകം. ഇങ്ങനെയല്ലാതെ വ്യാപാരം ഒരു വസ്തുവിലും ഫലം മറ്റൊരു വസ്തുവിലുമായി വേർപിരിഞ്ഞിരിക്കുന്നു എങ്കിൽ കൃതി സകർമ്മകം.

കുട്ടി ചോറ് കഴിച്ചു എന്ന വാക്യം നോക്കൂ. ഇവിടെ കഴിച്ചു എന്നുള്ളതാണ് കൃതി. കൃതിയുടെ വ്യാപാരം എന്താണ്? ചോറ് ഉരുളകളാക്കിയോ അല്ലാതെയോ വായിലേക്ക് കൊണ്ടുപോകുക എന്നതാണ്. അത് ചെയ്യുന്നത് കുട്ടിയാണ്. അതിന്റെ ഫലമെന്താണ്? പാത്രത്തിൽ ഇരുന്ന ചോറ് കുട്ടിയുടെ വയറ്റിൽ ആയി എന്നതാണ്. കുട്ടി ചെയ്ത പ്രവൃത്തി മൂലം ഉണ്ടായ ഫലം (ഇരിക്കുന്ന സ്ഥലം മാറിപ്പോകൽ) അനുഭവിച്ചത് ചോറാണ്. പാത്രത്തിൽ ഇരുന്ന ചോറ് ഇപ്പോൾ കുട്ടിയുടെ വയറ്റിൽ ആയില്ലേ? ഇവിടെ വ്യാപാരവും ഫലവും രണ്ട് വസ്തുവിലായി പിരിഞ്ഞിരിക്കുകയാൽ കഴിച്ചു എന്ന കൃതി സകർമ്മകം.

### 2. കേവലം- പ്രയോജകം

കർത്താവിന്റെ ഇഷ്ടപ്രകാരം ചെയ്യുന്ന കൃതികളെ കേവലം എന്നും മറ്റൊരാളുടെ പ്രേരണ മൂലം ചെയ്യുന്ന കൃതികളെ പ്രയോജകം എന്നും പറയുന്നു. ഉദാഹരണങ്ങൾകൊണ്ട് ഇത് വ്യക്തമാക്കാം.

കുട്ടി ഉറങ്ങുന്നു.

അമ്മ കുട്ടിയെ ഉറക്കുന്നു.

ഇതിൽ ഒന്നാമത്തെ വാക്യത്തിലെ ഉറങ്ങുന്നു എന്ന കൃതിയും രണ്ടാമത്തെ വാക്യത്തിലെ ഉറക്കുന്നു എന്ന കൃതിയും രൂപത്തിൽ വ്യത്യാസം ഉള്ളവയാണല്ലോ. ഈ വ്യത്യാസം അവയുടെ അർഥത്തിലും ഉണ്ട്. കുട്ടി ഉറങ്ങുന്നത് ആരുടെയും പ്രേരണമൂലം അല്ലല്ലോ. ഇങ്ങനെ ആരുടെയും പ്രേരണ കൂടാതെ കർത്താവ് സ്വയം ചെയ്യുന്ന കൃതിയാണ് കേവലം. രണ്ടാമത്തെ വാക്യത്തിലെ ഉറക്കുന്നു എന്ന കൃതിയിൽ അമ്മ പ്രേരിപ്പിച്ചിട്ടാണ് കുട്ടി ഉറങ്ങുന്നത്. ഇപ്രകാരം മറ്റൊരാളിന്റെ പ്രേരണയോടെ ചെയ്യുന്ന കൃതിക്ക് പ്രയോജകം എന്നു പേര്.

ചില വാക്യങ്ങൾ താഴെ നൽകുന്നു. അവയിലെ കൃതികൾ മുകളിൽ പറഞ്ഞവയിൽ ഏതു വിഭാഗത്തിൽപ്പെടുന്നു എന്ന് കണ്ടെത്തി കുറിക്കുമല്ലോ.

1 വികാസ് സ്കൂളിൽ <u>പോകുന്നു.</u>
2 വിഭ പൂച്ചയെ <u>പിടിച്ചു.</u>
3 അമ്മ മീനുവിനെ <u>പഠിപ്പിക്കുന്നു.</u>
4 കുളത്തിൽ മീനുകൾ <u>നീന്തുന്നു.</u>
5 കുട്ടികൾ പട്ടം <u>പറത്തുന്നു.</u>

# തല തണുക്കട്ടെ

പള്ളിയറ ശ്രീധരൻ

ആധുനിക ഭാരതത്തിലെ ഏറ്റവും പ്രശസ്തനായ ഗണിത ശാസ്ത്രജ്ഞനാണല്ലോ ശ്രീനിവാസ രാമാനുജൻ. ഒരു നൂറ്റാണ്ടിന്റെ വെറും മൂന്നിലൊന്നു വർഷം മാത്രം ജീവിച്ചിരുന്ന രാമാനുജന്റെ ജീവിതത്തിൽ എന്നും ഓർമിക്കാവുന്ന കുറച്ച് അനർഘനിമിഷങ്ങൾ ഉണ്ടായിട്ടുണ്ട്.


അദ്ദേഹം ആദ്യകാലത്ത് മദ്രാസ് (ഇപ്പോൾ ചെന്നൈ) പോർട്ട് ട്രസ്റ്റിലെ ഒരു ക്ലാർക്കായി ജോലി ചെയ്തിരുന്നു. ഈ കാലത്ത് അദ്ദേഹം 'ട്രിപ്ലിക്കേയ്ൻ' എന്ന സ്ഥലത്തെ ഒരു കെട്ടിടത്തിന്റെ മുകളിലുള്ള മുറിയിലാണ് താമസിച്ചിരുന്നത്. ഒരു കോളേജ് വിദ്യാർഥിയായിരുന്ന



വര: പി ജി ബാലകൃഷ്ണൻ

കൃഷ്ണസ്വാമി അയ്യരും മറ്റൊരു സുഹൃത്തും ഒപ്പം താമസിച്ചിരുന്നു.

ഒരുദിവസം രാമാനുജനും കൃഷ്ണസ്വാമി അയ്യരും ആകാശത്തെ അദ്ഭുതങ്ങളെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നു. അവർക്ക് ഇഷ്ടപ്പെട്ട വിഷയമായിരുന്നതിനാൽ സംസാരം വൈകിയും തുടർന്നു. രാമാനുജനാണ് കൂടുതൽ സംസാരിച്ചുകൊണ്ടിരുന്നത്. ഉറങ്ങാൻ കിടന്ന മറ്റേ സുഹൃത്തിന് ഇവരുടെ സംഭാഷണം വലിയ ഒരു ശല്യമായി അനുഭവപ്പെട്ടു. അയാൾക്ക് ദേഷ്യം വന്നു. പെട്ടെന്ന് ഒരു വലിയ പാത്രത്തിൽ തണുത്ത വെള്ളംകൊണ്ടുവന്ന് രാമാനുജന്റെ തലയിൽ ഒഴിച്ചു.



സ്വാഭാവികമായും രാമാനുജൻ രോഷാകുലനാവുമെന്നാണ് പ്രതീക്ഷിച്ചത്. പക്ഷേ രാമാനുജൻ വളരെ ശാന്തതയോടെ 'ഒരുപാത്രം വെള്ളംകൂടി തലയിൽ ഒഴിച്ചു തന്നാൽ നന്നായിരുന്നു' എന്നാണ് മറുപടി പറഞ്ഞത്.

രാമാനുജൻ ഗണിത ഗവേഷണത്തിന് ലണ്ടനിൽ പോയിരുന്നുവെങ്കിലും അസുഖം നിമിത്തം അദ്ദേഹത്തിന് തിരിച്ചുവരേണ്ടിവന്നു. ചികിത്സയ്ക്കായി തഞ്ചാവൂർ എന്ന സ്ഥലത്തേക്കു പോകാൻ സുഹൃത്തുക്കൾ നിർദേശിച്ചു.

കഠിനമായ രോഗപീഡയാൽ വിഷമിച്ചുകൊണ്ടിരുന്ന രാമാനുജൻ പക്ഷേ ശാന്തനായി മറുപടി പറഞ്ഞു.

**രാമാനുജൻ ഗണിത ഗവേഷണത്തിന് ലണ്ടനിൽ പോയിരുന്നുവെങ്കിലും അസുഖം നിമിത്തം അദ്ദേഹ ത്തിന് തിരിച്ചുവരേണ്ടി വന്നു. ചികിത്സയ്ക്കായി തഞ്ചാവൂർ എന്ന സ്ഥലത്തേക്കു പോകാൻ സുഹൃത്തുക്കൾ നിർദേശിച്ചു. കഠിനമായ രോഗപീഡയാൽ വിഷമിച്ചുകൊണ്ടിരുന്ന രാമാനുജൻ പക്ഷേ ശാന്തനായി മറുപടി പറഞ്ഞു. "എനിക്ക് യോജിച്ച സ്ഥലത്തേക്കാണ് നിങ്ങൾ എന്നെ കൊണ്ടുപോകുന്നത്." എന്തുകൊണ്ടാണ് ഇങ്ങനെ യോജിച്ച സ്ഥലം എന്നു ചോദിച്ചപ്പോൾ രാമാനുജന്റെ മറുപടി. "തഞ്ചാവൂർ എന്നത് തൻ- ചാവ് - ഊർ. അതായത് ഞാൻ മരിക്കാൻ പോകുന്ന സ്ഥലം."**

"എനിക്ക് യോജിച്ച സ്ഥലത്തേക്കാണ് നിങ്ങൾ എന്നെ കൊണ്ടുപോകുന്നത്."

എന്തുകൊണ്ടാണ് ഇങ്ങനെ യോജിച്ച സ്ഥലം എന്നു ചോദിച്ചപ്പോൾ രാമാനുജന്റെ മറുപടി. "തഞ്ചാവൂർ എന്നത് തൻ- ചാവ് - ഊർ. അതായത് ഞാൻ മരിക്കാൻ പോകുന്ന സ്ഥലം." പിന്നീട് അദ്ദേഹത്തെ 'ചെട്ട്പട്ട്' എന്ന സ്ഥലത്തേക്കു കൊണ്ടുപോകാൻ തീരുമാനിച്ചു. അപ്പോഴും രാമാനുജൻ തനിക്ക് യോജിച്ച സ്ഥലം എന്ന് തന്നെ അഭിപ്രായപ്പെട്ടു. "ചട്ട്പട്ട് -ഇനി ശടപെടേന്ന് - പെട്ടെന്ന് നടക്കും." എന്നാണ് രാമാനുജൻ ഉദ്ദേശിച്ചത്. രോഗാവസ്ഥയാണെങ്കിലും ജീവിതത്തിൽ പലതും തമാശയായി കാണാൻ രാമാനുജൻ ശ്രദ്ധിച്ചിരുന്നു.

# പ്രിയ കാടിടങ്ങൾ... പ്രിയ ചിത്രകഥകൾ...

**സീമ സുരേഷ്**

കൂട്ടുകാരെ... എന്തൊക്കെയുണ്ട്? കുറേക്കാലമായല്ലേ നമ്മൾ സംസാരിച്ചിട്ട്, കാട്ടിലെ കഥകൾ പറഞ്ഞിട്ട്...

ഇന്ന് ഞാൻ പറയാൻ പോകുന്നത് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കാടുകളെ കുറിച്ചാണ്. അവിടെ കണ്ട കാഴ്ചകളെ കുറിച്ചാണ്. എനിക്ക് ഇഷ്ടം തോന്നിയ അഞ്ച് ദേശീയോദ്യാനങ്ങളെ നിങ്ങൾക്ക് പരിചയപ്പെടുത്തി തരാം. കേരളത്തിലെ കാടുകൾ നമ്മുടെയെല്ലാം ജീവനാണ്. അവയേതൊക്കെയെന്ന് നിങ്ങൾക്കറിയാം. അതുകൊണ്ട് അത് പരിചയപ്പെടുത്തുന്നില്ല.

## ബന്ദിപ്പൂർ നാഷണൽ പാർക്ക്

വൈൽഡ്ലൈഫ് ഫോട്ടോഗ്രഫി ഞാൻ ആരംഭിച്ച കാലത്ത് ഏറ്റവും കൂടുതൽ യാത്ര ചെയ്തിരുന്നത് ബന്ദിപ്പൂരിലേക്കാണ്. ആ യാത്രയ്ക്കിടയിലാണ് ആദ്യമായ് ഞാൻ കടുവയെ കണ്ടതും അദ്ഭുതത്തോടെ നോക്കിനിന്നതും. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടുവകളെ ഉൾക്കൊള്ളുന്ന രണ്ടാമത്തെ കാടാണത്രെ ബന്ദിപ്പൂർ ദേശീയോദ്യാനം. കേരളത്തിന്റെയും തമിഴ്നാടിന്റെയും അതിർത്തി കടന്നാൽ നാം



ചെല്ലുക കർണാടകയിലെ ബന്ദിപ്പൂരിലേക്കാണ്. മൂന്നു ദേശീയോദ്യാനങ്ങൾ ബന്ദിപ്പൂരിനോട് ബന്ധപ്പെട്ടു കിടക്കുന്നു. തമിഴ്നാടിന്റെ മുതുമലദേശീയോദ്യാനം, കേരളത്തിന്റെ വയനാട് വന്യജീവിസങ്കേതം, കർണാടകയുടെ നാഗർഹോള വന്യജീവി സങ്കേതം എന്നിവ. നീലഗിരി ബയോസ്ഫിയറിന്റെ ഭാഗമായതുകൊണ്ട് ഏറ്റവും വലിപ്പമുള്ള ആനകളുള്ള കാടു കൂടിയാണ് ബന്ദിപ്പൂർ.

കർണാടക വനംവകുപ്പ് ഏർപ്പെടുത്തിയ സഫാരികൾ വഴിയാണ് നമുക്ക് ബന്ദിപ്പൂർ കാട്ടിലേക്കു കയറാനാവുക. ജീപ്പ് സഫാരിയാണ് ഞാൻ തെരഞ്ഞെടുക്കാറുള്ളത്. ഫോട്ടോഗ്രാഫർമാർക്ക് നല്ല ഫ്രെയിമുകൾ ലഭിക്കുന്ന കാടിടം. പല തവണ ആനക്കൂട്ടവും കടുവയും പുള്ളിപ്പുലിയും കാട്ടുനായ്ക്കളും കീരിയും കാട്ടുമുയലും ക്യാമറയുടെ ഫ്രെയിമിലേക്ക് എത്തിയിട്ടുണ്ട്. രണ്ടുമാസം മുന്നേ എനിക്കൊരു കരടിചിത്രം കിട്ടി. കുഞ്ഞുങ്ങളെ മറച്ചുവച്ച് അമ്മക്കരടി നിൽക്കുന്നു. പെട്ടെന്ന് പ്രതീക്ഷിക്കാതെ അത് ജീപ്പിന്റെ മുന്നിലൂടെ ഓടിപ്പോയി. ആ ചിത്രമാണിത്. അതിന്റെ കുഞ്ഞുങ്ങളുടെ ഫോട്ടോ എടുക്കാൻ ഞങ്ങൾ കുറച്ചുനേരം കാത്തുനിന്നു. പക്ഷെ അവ മറഞ്ഞു തന്നെ നിന്നു. അമ്മക്കരടിയുടെ ഓടുന്ന ഈ ചിത്രം എന്റെ പ്രിയപ്പെട്ട ഒന്നാണ്.



### കാൻഹ നാഷണൽ പാർക്ക്

മധ്യപ്രദേശിലെ മാണ്ഡല, കാലാഘട്ട് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കാൻഹ, കടുവാസങ്കേതം കൂടിയാണ്. ബഫർ സോണും കോർ സോണും കൂട്ടി 1900 ലധികം സ്ക്വയർ കിലോമീറ്ററായി വ്യാപിച്ചു കിടക്കുന്ന അതിബൃഹത്തായ കാടാണ് കാൻഹ. രണ്ടു വർഷം മുൻപാണ് ഞാൻ അങ്ങോട്ട് പോവു





WORLD
WILDLIFE DAY
3 MARCH

ന്നത്. വിമാനത്തിലും കാറിലുമായി മണിക്കൂറോളം യാത്ര ചെയ്തെത്തി. ഇടതൂർന്ന മരക്കൂട്ടങ്ങൾക്കിടയിലൂടെ ചെറിയ തണുപ്പത്തുള്ള യാത്ര. സൂര്യോദയമാണ് ഏറ്റവും ഭംഗി. സൂര്യശോഭയിൽ മുങ്ങിനിൽക്കുന്ന പുൽക്കൂട്ടങ്ങൾ. അതിലൂടെ നടന്നുനീങ്ങുന്ന പുള്ളിമാനുകളും ബാരസിംഗകളും.

വംശനാശഭീഷണി നേരിടുന്ന മാനായ 'ബാരസിംഗ' ഇന്ത്യയിൽ മാത്രം കാണപ്പെടുന്ന ഒരിനം മാനാണ്.

സ്വംപ് ഡിയർ (Swamp deer) എന്ന പേരും ഇവയ്ക്കുണ്ട്. ഉത്തർപ്രദേശ്, മധ്യപ്രദേശ് സംസ്ഥാനങ്ങളിലെ ഔദ്യോഗിക മൃഗമാണിവ. ആൺമാനുകളുടെ എണ്ണം പെൺമാനുകളെക്കാൾ വളരെ കുറവായതിനാലാണത്രെ ഇവ വംശനാശഭീഷണി നേരിടുന്നത്. ആൺമാനുകളുടെ കൊമ്പിന്റെ ശിഖരങ്ങളുടെ എണ്ണം കൂടുതലായതിനാലത്രേ ഇവയ്ക്ക് ഈ പേര് ലഭിച്ചത്. മഞ്ഞകലർന്ന തവിട്ടുനിറമാണിവയ്ക്കുള്ളത്. സൂര്യശോഭയിൽ ഈ കൊമ്പ് മിന്നിനിൽക്കും. കടുവയെ ഒരു പ്രാവശ്യം മാത്രമാണ് കാണാൻ സാധിച്ചത്. മറ്റൊരു കാഴ്ച എന്നെ ശരിക്കും ഞെട്ടിപ്പിച്ചു. കടുവ വേട്ടയാടി കൊന്നിട്ടിരിക്കുന്ന, ചോരയിൽ കുതിർന്ന് കിടക്കുന്ന പുള്ളിമാൻ. അതിനെ തേടിയെത്തിയ നരിക്കൂട്ടം. നാലുഭാഗത്തും നിന്ന് അവ പുള്ളിമാനെ കടിച്ചുപറിച്ചു. ഒടുവിൽ അതിലെ മിടുക്കൻ കരൾഭാഗവും കടിച്ചുപറിച്ചുകൊണ്ട് ഓടിപ്പോയി മറ്റൊരിടത്ത് ഒളിപ്പിച്ചുനിന്നു. കടുവ തിരിച്ചെത്തുന്നതിനു മുന്നേ മാംസം പറ്റാവുന്നിടത്തോളം കഴിക്കാനുള്ള ശ്രമം. കരൾ കട്ടെടുത്തു കൊണ്ടുപോവുന്നവന്റെ നരിച്ചിത്രമാണ് ഇവിടെ നിങ്ങൾക്ക് കാണിച്ചു തരുന്നത്. കാൻഹ കാട് തന്ന അപൂർവ നിമിഷം.

## രൺതംബോർ നാഷണൽ പാർക്ക്

കഴിഞ്ഞ മാസമാണ് കടുവ സാമ്രാജ്യം എന്നു പേരുകേട്ട രാജസ്ഥാനിലെ രൺതംബോർ ദേശീയോദ്യാനത്തിലേക്ക് യാത്ര പോവുന്നത്. സാവോയ് മധോപൂർ ജില്ലയിലാണ് ഈ കടുവക്കാട് സ്ഥിതി ചെയ്യുന്നത്. ഏറെ നാളുകളായി ആഗ്രഹിച്ചിരുന്ന ഒരു സ്വപ്നമായിരുന്നു ഈ യാത്ര.

ഒരുകാലത്ത് രാജസ്ഥാനിലെ രാജാക്കന്മാരുടെ നായാട്ടുകേന്ദ്രമായിരുന്നു ഈ പ്രദേശം. ഏറ്റവും സൗന്ദര്യമുള്ള ശൗര്യമുള്ള കടുവകൾ ഇവിടത്തെ പ്രത്യേകതയാണ്. അതുകൊണ്ടു തന്നെ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എല്ലാ വർഷവും ഇവിടെയെത്തുന്നുന്നു. രൺതംബോർ യാത്ര താരതമേന്യ ചെലവേറിയ ഒന്നാണ്. ബംഗാൾ കടുവകളുടെ സൗന്ദര്യം നേരിട്ടു കാണാനെത്തുന്ന വിദേശികളുടെ എണ്ണവും നാൾക്കുനാൾ വർധിക്കുന്നു. 1974 മുതൽ 2007 വരെ കടുവകളെ അതതു പ്രദേശങ്ങളെ ബന്ധപ്പെടുത്തിയാണ് പേരിട്ടുവിളിച്ചിരുന്നത്. 2007 മുതൽ അവയ്ക്ക് TIGER ID നൽകി. T 3, T 16, T 25 എന്നിങ്ങനെ id നൽകിപോന്നു. പത്തു സോണുകളായി രൺതംബോർ ദേശീയോദ്യാനത്തെ ടൂറിസ്റ്റ് മേഖലകളായി തിരിച്ചിട്ടുണ്ട്. നമുക്ക് ഏതു സോണിൽ പോയാൽ ഏതു കടുവയെ കാണാൻ കഴിയുമെന്ന് നമ്മുടെ സഫാരിയിലെ ഗൈഡിനും ഡ്രൈവർക്കും അറിയാം. അവർ അതനുനുസരിച്ചു





ടാക്ക് ചെയ്യും. കാട്ടിലെ മൺവഴികളിലെ കടുവയുടെ പാദമുദ്രകൾ നോക്കിയാണ് അവരുടെ യാത്ര. ഞങ്ങൾ നാലുദിവസമാണ് അവിടെ താമസിച്ചത്. 8 സഫാരികൾ. പല പല സോണുകളിലൂടെ യാത്ര ചെയ്തു. എല്ലാ സഫാരിയിലും കടുവയുടെ ദർശനം കിട്ടി. ക്യാമറയുടെ മുന്നിലൂടെ ഒളിച്ചും പാത്തും കടുവകൾ കടന്നുപോയി. രണ്ടാമത്തെ ദിവസം സായാഹ്ന സഫാരിയിലാണ് ആ കാഴ്ച കണ്ടത്. കുന്നിൻമുകളിലേക്കുള്ള വഴിയിലെ പുൽക്കൂട്ടത്തിൽ ഒരു സുന്ദരൻ. T 108 എന്ന് നാമത്തിൽ അറിയപ്പെടുന്നവൻ. അവന്റെ മിനുത്ത ശരീരം സ്വർണ്ണവെളിച്ചത്തിൽ മിന്നി. ഏതാണ്ട് മൂന്നര മണിക്കൂറോളം ഉറക്കവും ഉണരലും മൂരി നിവരലും ഒക്കെയായി സുന്ദരൻ ഞങ്ങൾക്കു മുഖം തന്നു. മെമ്മറി കാർഡ് മുഴുവൻ അവന്റെ ഫോട്ടോകളും വിഡിയോകളും മാത്രമായി. ആ കടുവസുന്ദരനെ നിങ്ങൾക്ക് കാണണ്ടേ...

പിന്നെയുള്ള ദിവസങ്ങളിൽ ഒക്കെയും കടുവമ്മയും മൂന്നു മക്കളും തടാകക്കരയിൽ ഓടിനടന്നു. ആ കഥകൾ അടുത്ത തവണ.

## കാസിരംഗ നാഷണൽ പാർക്ക്

കഴിഞ്ഞ ഏപ്രിലിലാണ് ഞാൻ അസമിലെ കാസിരംഗയിലേക്ക് പോവുന്നത്. ഇത് എന്റെ മൂന്നാമത്തെ യാത്രയായിരുന്നു. കിഴക്കൻ ഹിമാലയത്തിന്റെ ജൈവസമ്പത്തിടമായ ഗോലാഘട്, നാഗോൺ എന്നീ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കാസിരംഗയെ നാലു സോണുകളായി തിരിച്ചിട്ടുണ്ട്. ഒറ്റക്കൊമ്പൻ കാണ്ടാമൃഗത്തെ കാണാൻ വേണ്ടി മാത്രമായിരുന്നില്ല ഈ യാത്ര. 'ഗോൾഡൻ ടൈഗർ' എന്നറിയപ്പെടുന്ന കാസിരംഗയിൽ കണ്ടെത്തിയ സ്വർണ്ണവർണ്ണ കടുവയെ ഫ്രെയിമിൽ ആക്കണം എന്നൊരു ആഗ്രഹം കൂടിയുണ്ടായിരുന്നു. പക്ഷെ ദൂരെ നിന്ന് കണ്ടു മാത്രം സായൂജ്യമണിയേണ്ടി വന്നു. കാസിരംഗയിൽ 2200 ഓളം ഒറ്റക്കൊമ്പൻ കാണ്ടാമൃഗം ഉണ്ടെന്നാണ് സെൻസസ് രേഖപ്പെടുത്തിയിരിക്കുന്നത്. യുനെസ്കോ വേൾഡ് ഹെറിറ്റേജ് സെന്റർ കാസിരംഗയെ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാദിവസവും ഞങ്ങൾ കടുവയുടെ ദർശനം ആഗ്രഹിച്ചു കറങ്ങി. കണ്ടെത്തിയില്ലെങ്കിലും ആനക്കൂട്ടവും ഒറ്റക്കൊമ്പൻ കാണ്ടാമൃഗവും വാട്ടർ ബഫല്ലോയും വേഴാമ്പലും ജലപക്ഷികളും ഞങ്ങളുടെ ഹൃദയം നിറച്ചു. ഹരിതഭംഗിയിൽ മേയുന്ന കാണ്ടാമൃഗങ്ങൾ. അവയുടെ കുഞ്ഞുങ്ങൾ, അവയ്ക്കൊപ്പം ചതുപ്പിലുള്ള ആറാട്ട് അതൊക്കെ കാണേണ്ട കാഴ്ചയാണ്. മെയ് മാസം മുതൽ ഒക്ടോബർ വരെ കാസിരംഗയിലേക്ക് പ്രവേശനമില്ല. നവംബർ മുതൽ ഏപ്രിൽ വരെയാണ് സീസൺ.

## ജിം കോർബെറ്റ് നാഷണൽ പാർക്ക്

എന്റെ പ്രിയപ്പെട്ട കാട് ഏതാണ് എന്ന് ചോദിച്ചാൽ ഒരുനിമിഷം വേണ്ട പറയാൻ. ഉത്തരാഖണ്ഡിലെ ജിം കോർബെറ്റ് നാഷണൽ പാർക്ക്. ജിംകോർബെറ്റിലെ ധിക്കാല റേഞ്ചിലാണ് എന്റെ പ്രിയപ്പെട്ട ആനച്ചിത്രങ്ങൾ ജന്മമെടുത്തിട്ടുള്ളത്. രംഗംഗ നദിക്കരയും ഗ്രാസ് ലാൻഡും സാംബാർ റോഡും എന്റെ ആനച്ചിത്രങ്ങളുടെ ഭൂമികയായി. സൂര്യാസ്തമയവും സൂര്യോദയവും ആനക്കാഴ്ചകൾക്ക് പ്രകാശമൊരുക്കി.

മഴയിലും വെയിലിലും മഞ്ഞിലും ആനക്കൂട്ടങ്ങൾ ക്യാമറയുടെ മുന്നിലേക്കു വന്നു. മറ്റൊരു കാട്ടിലും കാണാത്ത സൗന്ദര്യത്തിൽ ഒറ്റയാൻ കൊമ്പും കുലുക്കി വന്നു. സഫാരി ജീപ്പിനെ പിൻതുടർന്നു.



അമ്മയാനയും കുഞ്ഞാനയും കൊഞ്ചിച്ചും സ്നേഹിച്ചും സാലമരങ്ങൾക്കിടയിലൂടെ കടന്നുപോയി. ആനപ്രേമം കൊണ്ടും കണ്ടുമതി തീരാത്തതുകൊണ്ടും സീസണുകളിൽ മൂന്നും നാലും തവണ ധിക്കാലയിലേക്ക് യാത്ര പോയി. അങ്ങനെയൊരു വൈകുന്നേരമാണ് ഒരു കാഴ്ച കണ്ടത്. മഴയ്ക്ക് ശേഷമുള്ള വൈകുന്നേരം പുൽമേടുകളിൽ കൂട്ടമായി നിന്നിരുന്ന ആനക്കൂട്ടം പച്ചപ്പിലൂടെ രണ്ടുവരിയായി നടന്നുപോവുന്നു. സ്വാതന്ത്ര്യം ആഘോഷിച്ചുകൊണ്ടുള്ള നടപ്പായിട്ടാണ് ഞാൻ അതിനെ കണ്ടത്. ചങ്ങലയിൽ കിടന്ന് വിദൂരതയിലേക്ക് നിസ്സഹായരായി നിൽക്കുന്ന ആനകളെ ദുഃഖത്തോടെ ഞാനപ്പോൾ ഓർത്തു.

'കാട്, ഞങ്ങളുടെ ഇടം...
ഞങ്ങളുടെ സ്വാതന്ത്ര്യം...
ഞങ്ങളുടെ ശ്വാസം.'

ഇതല്ലേ നാം മനുഷ്യർ കാണേണ്ടത്, തൊട്ടറിയേണ്ടത്, നെഞ്ചിലേക്ക് അറിവായി ചേർത്തുവയ്ക്കേണ്ടത്.

പ്രിയപ്പെട്ട കാടുകളെ കുറിച്ച് പറയുന്നതോടൊപ്പം ഒരു കാര്യം കൂടി പറഞ്ഞോട്ടെ. മാർച്ച് മൂന്നിന് ലോക വന്യജീവിദിനമാണ്. ഐക്യരാഷ്ട്രസംഘടന ഇത്തവണ ഊന്നൽ നൽകിയിരിക്കുന്നത് 'Wildlife Conservation Finance: Investing in People and Planet' (വന്യജീവി സംരക്ഷണ നവീന ധനസഹായ സംവിധാനം) എന്ന വിഷയത്തിനാണ്. വന്യജീവികളെ സംരക്ഷിക്കുന്നതിനായി പുതിയ, സൃഷ്ടിപരമായ ധനസഹായ മാർഗങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കാൻ ആഹ്വാനം ചെയ്യുന്നുണ്ട്, ഏതാണ്ട് ഒരു ദശലക്ഷം സ്പീഷിസുകൾ വംശനാശം നേരിട്ടുകൊണ്ടിരിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് തന്നെ അവയെ നിലനിർത്തേണ്ട കടമ നമുക്കുണ്ട്. പ്രകൃതിയെ സ്നേഹിക്കുക, കാടിനെ അറിയുക, കാടിൻ സമ്പത്തായ പക്ഷിമൃഗാദികളെ, ജീവജാലങ്ങളെ സംരക്ഷിക്കുക.

അടുത്ത യാത്രയ്ക്കു ശേഷം വീണ്ടും കാണാം കൂട്ടുകാരെ.



# ഒന്നു ചിരിക്കൂ

കെ എൻ കുട്ടി കടമ്പഴിപ്പുറം

കുഞ്ഞുപൂവിൻ മൊട്ടുകളൊക്കെയും
പൊൻപുലരിയെ
സ്വപ്നം കണ്ടു
പുലരിയാം പുഞ്ചിരി
ചാരെയണഞ്ഞപ്പോൾ
ഒപ്പം ചിരിക്കുന്നേ
കുഞ്ഞുപൂക്കൾ
ഓടിയണഞ്ഞു കുഞ്ഞുകുരുവിയും
തേനുണ്ടോയെന്നുള്ള
ചോദ്യവുമായ്
ഒന്നു ചിരിക്കൂ കുഞ്ഞേ
കുരുവി നീ
തേനുണ്ണാം മാമുണ്ണാം
ചേർന്നുനിൽക്കൂ.

വര: ബാസി മറിയം

# ആരാകും നിങ്ങൾ ?

പ്രേമജ ഹരീന്ദ്രൻ

ക്ലാസ്ടീച്ചർ ലീവായതു കൊണ്ടാണ് സുനന്ദടീച്ചർ രണ്ടാം ക്ലാസിലേക്കു ചെന്നത്. കുട്ടികൾ കലപിലാന്ന് വർത്തമാനം പറയുകയാണ്. ഇവരെ എങ്ങനെയൊന്ന് അടക്കിയിരുത്തും? അൽപ്പസമയത്തെ ആലോചനയ്ക്കു ശേഷം ടീച്ചർ പറഞ്ഞു.



"കുട്ടികളേ, നമുക്ക് ഒരു കളി കളിക്കാം. നിങ്ങൾക്ക് വലുതായാൽ ആരാവാനാണ് ഇഷ്ടം? നിങ്ങൾക്ക് ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെട്ട ജോലി എന്താണ്? അതു പറയണം. കഴിയുമെങ്കിൽ അത് അഭിനയിച്ചു കാണിക്കുകയും ചെയ്യാം."

**"ടീച്ചറേ, എനിക്ക് വലുതായാൽ നമ്മുടെ സ്കൂളിലെ പ്യൂൺ ഗോപാലേട്ടനാകാനാ ഇഷ്ടം. ഇഷ്ടം പോലെ മണിയടിച്ച് എല്ലാരെയും കളിക്കാൻ വിടാലോ" എന്നു പറഞ്ഞതും ക്ലാസിനു പുറത്തെ വരാന്തയിൽ തൂങ്ങിക്കിടന്നിരുന്ന മണി അവൻ നീട്ടിയടിച്ചതും ഒരുമിച്ചായിരുന്നു. മണി കേട്ടതും പൊട്ടിച്ചിരിച്ച് ആർത്തുവിളിച്ച് പുറത്തേക്കോടുന്ന കുട്ടികളെ നോക്കി സുനന്ദ ടീച്ചർ മിഴിച്ചു നിന്നു.**

മായയാണ് ആദ്യം എഴുന്നേറ്റത്. "ടീച്ചറേ, ഞാൻ ഡോക്ടറാവും." എന്നു പറഞ്ഞുകൊണ്ട് മുൻബെഞ്ചിലിരുന്ന അമലിന്റെ കൈ പിടിച്ചു നോക്കി. "വായ തുറക്ക്, എപ്പോ മുതലാ പനി തുടങ്ങിയത്?" എന്നൊക്കെ ചോദിച്ചു. അഭി എന്താണ് മറുപടി പറഞ്ഞത് എന്ന് കേൾക്കുക പോലും ചെയ്യാതെ ധൃതിയിൽ നോട്ട്ബുക്കിന്റെ





വര: ബാസി മറിയം





ഒരു പേജിൽ എന്തോ എഴുതി. ഈ മരുന്ന് കഴിച്ചാൽ മതി കേട്ടോ എന്നു പറഞ്ഞ് അഭിക്കു നൽകി. മായ സീറ്റിൽ പോയിരുന്നു.

അടുത്തതായി എഴുന്നേറ്റു വന്ന നിവിൻ ഞാൻ പോലീസാകും എന്നു പറഞ്ഞ് ഒറ്റ നിമിഷം കൊണ്ട് പിൻ ബഞ്ചിലെ ജോസിനെ പിടിച്ചു മുന്നിലേക്കു കൊണ്ടുവന്ന് "നീയല്ലേടാ മാല കട്ടത്?" എന്നു ചോദിച്ച് കുനിച്ചു നിർത്തി ഇടിച്ചു. ജോസിന്റെ നിലവിളി ഉയർന്നപ്പോൾ ടീച്ചർ ലേശം പരിഭ്രമിച്ചു. 'സാരൂല്ല' എന്നു പറഞ്ഞ് ടീച്ചർ ജോസിനെ സമാധാനിപ്പിക്കുമ്പോഴാണ് അനസ് ചാടിയെണിറ്റത്.

"ടീച്ചറേ, എനിക്ക് വലുതായാൽ നമ്മുടെ സ്കൂളിലെ പ്യൂൺ ഗോപാലേട്ടനാകാനാ ഇഷ്ടം. ഇഷ്ടം പോലെ മണിയടിച്ച് എല്ലാരെയും കളിക്കാൻ വിടാലോ." എന്നു പറഞ്ഞതും ക്ലാസിനു പുറത്തെ വരാന്തയിൽ തൂങ്ങിക്കിടന്നിരുന്ന മണി അവൻ നീട്ടിയടിച്ചതും ഒരുമിച്ചായിരുന്നു. മണി കേട്ടതും പൊട്ടിച്ചിരിച്ച് ആർത്തുവിളിച്ച് പുറത്തേക്കോടുന്ന കുട്ടികളെ നോക്കി സുനന്ദ ടീച്ചർ മിഴിച്ചു നിന്നു.





# ഹായ്... സിന്ദൂര ക്കായ്

പ്രദീപ് ഓർക്കാട്ടേരി

വിസ്മയപ്പെടുത്തുന്നതാണ് നമ്മുടെ പ്രകൃതി. അവിസ്മരണീയമാക്കുന്ന കാഴ്ചകൾ സമ്മാനിക്കുന്നു എന്നുമാത്രമല്ല, അമ്പരപ്പിക്കുന്ന വിഭവങ്ങളുടെകൂടി കലവറയാണത്. അതിൽ പ്രധാനപ്പെട്ടതാണ് വനമേഖലകളിലെ സസ്യവിഭവങ്ങൾ.

തടിയുടെ ഉപയോഗം മാത്ര മല്ല, ഭക്ഷണാവശ്യത്തിനും ഔഷധങ്ങളായും സുഗന്ധദ്രവ്യങ്ങളായുമെല്ലാം പ്രകൃതിതന്നെ നേരിട്ടൊരുക്കുന്ന ഒരു സൂപ്പർമാർ ക്കറ്റാണത്. എണ്ണകൾ, കൊഴുപ്പുകൾ, പശവർഗങ്ങൾ, നാരുകൾ, പഞ്ഞി, നറുമണമുള്ള ഉത്പന്നങ്ങൾ, ടാനിനുകൾ, ചായങ്ങൾ, മുള, ചൂരൽ തുടങ്ങി വ്യക്തികൾ മുതൽ ബഹുരാഷ്ട്രക്കമ്പനികൾ വരെ ഉപയോഗിക്കുന്ന ഉത്പന്നങ്ങൾ ഇവിടെ സുലഭ മായി ലഭിക്കുന്നു. മനുഷ്യന് തൊഴിലും വരുമാ നവും പ്രദാനം ചെയ്യുന്നതിൽ ഇവയ്ക്കുള്ള പങ്ക് വിലമതിക്കാനാകാത്തതാണ്. തടി-തടിയിതര വനോത്പന്നങ്ങളുടെ ഉപഭോഗവും അമിതചൂഷണവും കാരണം വനോത്പന്നങ്ങളുടെ ലഭ്യതയിലും സുസ്ഥി രതയിലും ഭീഷണിയേറിവരുന്നതായി കാണാം.



സവിശേഷ വനാംഗങ്ങളിൽ ചില മരങ്ങൾ പ്ര കൃതിദത്ത ചായം സമ്മാനിക്കുന്നവയാണ്. വൈവിധ്യമാർന്ന മരങ്ങളുടെ പ്രത്യേകതകളനുസരിച്ച് ഇലകൾ, പൂക്കൾ, തണ്ട്, മരപ്പട്ട, കായ്, വേര് എന്നിവയിൽ നിന്നൊക്കെ ചായം ശേഖരിക്കാനാവുന്നതായി കാണാം. അതിലൊന്നാണ് കുങ്കുമപ്പൂമരം. കുരങ്ങുമഞ്ഞൾ, ചെങ്കൊല്ലി, താവട്ട, നൂറിമരം, വെറ്റിലക്കുറുക്കുട്ടി, സിന്ദൂരമരം, കമലവൃക്ഷം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന ഒരിനം നിത്യഹരിത മരമായ ഇവയുടെ കായിൽ നിന്നാണ് ചായം ശേഖരിക്കുന്നത്. ചുവന്ന സിന്ദൂര രൂപത്തിലുള്ള പൊടി ലഭിക്കുന്നതിനാലാണ് സിന്ദൂരമരം, കുങ്കുമപ്പൂമരം എന്നീ പേരുകൾ ലഭിച്ചതെന്നു കരുതപ്പെടുന്നത്. *മല്ലോട്ടസ് ഫിലിപ്പെൻസിസ്* എന്ന ശാസ്ത്രനാമത്തിലുള്ള ഈ ചെറുമരം 1500 മീറ്റർ വരെ ഉയരമുള്ള നനവാർന്ന മലമ്പ്രദേശങ്ങളിലാണ് വളരുന്നത്. മധ്യ അമേരിക്കയിൽനിന്നാണ് ഈ മരം ഇവിടേക്ക് എത്തിയതെന്ന് അനുമാനിക്കപ്പെടുന്നു.

ഇതിന്റെ വിളഞ്ഞ കായുടെ പുറമേയുള്ള ഗ്ര ന്ഥികളിൽ നിന്നു കിട്ടുന്ന കമല എന്ന ചായമാണ് പട്ടിനും കമ്പിളിക്കും നിറം പിടിപ്പിക്കാൻ ഉപയോഗിക്കുന്നത്. വിളഞ്ഞ കായ് തട്ടിക്കുടഞ്ഞും കായ് വെള്ളത്തിലിട്ട് അടിയിൽ ഊറിക്കിട്ടുന്നതിനെ ഉണക്കിയെടുത്തും ചായം ശേഖരിക്കുന്നു. കടുംപച്ച നിറത്തിലുള്ള ഇലകൾ നിറഞ്ഞ, കുരുമുളകിനു സമാനമായ ചുവപ്പു നിറത്തിലുള്ളതാണ് ഇതിന്റെ കായ്കൾ. ഉണക്കിപ്പൊടിച്ചു കിട്ടുന്ന ചുവന്ന നിറത്തിലുള്ള ചായം പൂജാവേളകളിൽ കളം വരയ്ക്കുന്നതിനും മറ്റും ഉപയോഗിച്ചിരുന്നു.

മറയൂർ വനമേഖലകളിൽ ധാരാളമായി കുങ്കുമപ്പൂമരം കാണപ്പെടുന്നുണ്ട്. ഇവിടങ്ങളിലെ കുരങ്ങുകൾ ഇതിന്റെ തളിരിലയും കായും ഉപയോഗിച്ച് ചായം പരസ്പരം മുഖത്തും കൈകളിലും തേച്ചുപിടിപ്പിക്കുന്നത് രസകരമായ ഒരു കാഴ്ചയാണ്. കുങ്കുമപ്പൂമരത്തിൽ നിന്നും ലഭിക്കുന്ന ഓർലിയർ ചായം ഭക്ഷണപദാർഥങ്ങളിൽ നിറം വർധിപ്പിക്കാനും ഉപയോഗിച്ചുവരുന്നു. വിത്തിന്റെ പരിപ്പിൽ നിന്നും മങ്ങിയ നിറമുള്ള മഞ്ഞ എണ്ണയും ലഭിക്കും. പണ്ടുകാലത്ത്





ഇന്ത്യയിൽ നിന്നും കമലാഡൈ എന്ന പേരിൽ പുറംരാജ്യങ്ങളിലേക്ക് ഈ ചായം കയറ്റി അയച്ചിരുന്നിരുന്നത്രെ.

പ്രകൃതിദത്തമായ ചായങ്ങൾക്ക് ഇന്ന് ആവശ്യം ഏറെയാണ്. മഞ്ചാടി, നീരൊലി, കരശ്, കണിക്കൊന്ന, മഞ്ഞണാത്തി, മരമഞ്ഞൾ, കാട്ടുജാതി, പ്ലാശ്, ദന്തപ്പാല, കാശാവ് എന്നിവയെല്ലാം പ്രകൃതിദത്ത നിറം സമ്മാനിക്കുന്ന മരങ്ങളാണ്.

# പുലരിയിൽ...

സിന്ധു എൻ പി

കണ്ണു തുറക്കൂ
കണ്ണു തുറക്കൂ
കുഞ്ഞിപ്പൂമൊട്ടേ
കാറ്റു വിളിച്ചൂ
കാറ്റു വിളിച്ചൂ
കാതിൽ ഈണത്തിൽ.
എന്തൊരു കൗതുകം
മൊട്ടുകളെല്ലാം
കണ്ണു തുറക്കുന്നു.
വിളിച്ചതാര്
വിളിച്ചതാര്
ചുറ്റും നോക്കുന്നൂ.



വര: ബോബി എം പ്രഭ

## പുസ്തകപ്രകാശനം



ജോർജ് വലിയമറ്റം രചിച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'വിഷുക്കൈനീട്ടം' എന്ന കഥാസമാഹാരത്തിന്റെ പ്രകാശനം സഹകരണ വകുപ്പു മന്ത്രി ശ്രീ. വി എൻ വാസവൻ മുൻ റബർ ബോർഡ് ചെയർമാൻ ശ്രീ. പി സി സിറിയക്ക് ഐ എ എസ് നു നൽകി നിർവഹിക്കുന്നു. ശ്രീ സിറിയക്ക് തോമസ്, ജോർജ് വലിയമറ്റം, പള്ളിയറ ശ്രീധരൻ എന്നിവർ സമീപം.




# കലണ്ടറുകൾ

**ചന്ദ്രബാബു വി**



ലാറ്റിൻ ഭാഷയിൽ കണക്കുപുസ്തകം എന്ന് അർഥം വരുന്ന കാലൻഡേരിയം എന്ന വാക്കിൽ നിന്നാണ് കലണ്ടർ എന്ന വാക്കുണ്ടായത്. മാസങ്ങളുടെയും വിശേഷദിവസങ്ങളുടെയും പട്ടിക എന്ന നിലയ്ക്കാണ് കലണ്ടർ പ്രചാരത്തിൽ വന്നത്.


മാസം, വർഷം എന്നിങ്ങനെയുള്ള കാലയളവുകൾ ആദ്യകാലത്ത് കണക്കാക്കിയിരുന്നത് ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ പരിഗണിച്ചുകൊണ്ടായിരുന്നു. രണ്ട് കറുത്ത വാവുകൾക്കിടയിലെ കാലയളവിനെ, അല്ലെങ്കിൽ രണ്ട് വെളുത്ത വാവുകൾക്കിടയിലെ കാലയളവിനെയാണ് ആദ്യകാലങ്ങളിൽ ഒരു മാസമായി കണക്കാക്കിയിരുന്നത്. മാസം എന്ന് അർഥം വരുന്ന **Month** എന്ന ഇംഗ്ലീഷ് വാക്ക് **Moon** എന്ന വാക്കിൽനിന്ന് ഉണ്ടായതാണ്. ഏകദേശം മുപ്പതു ദിവസമാണ് ഒരു ചാന്ദ്രമാസം. ഇങ്ങനെയുള്ള പന്ത്രണ്ട് ചാന്ദ്രമാസത്തെയാണ് ആദ്യകാലത്ത് ഒരു വർഷമായി കണക്കാക്കിയിരുന്നത്. ഇത്തരത്തിലുള്ള ചാന്ദ്രകലണ്ടർ ലോകത്തിന്റെ പലഭാഗത്തും ഇന്നും പ്രചാരത്തിലുണ്ട്. ഹിജ്റാ കലണ്ടർ അത്തരത്തിലുള്ള ഒരു കലണ്ടറാണ്. ചാന്ദ്ര കലണ്ടറുകൾ ഋതുഭേദങ്ങളുടെ കാലം കൃത്യമായി മനസ്സിലാക്കാൻ സഹായകരമല്ല എന്നു വന്നപ്പോഴാണ് സൂര്യന്റെ അയനത്തെക്കൂടി അടിസ്ഥാനമാക്കി വർഷം കണക്കുകൂട്ടാനുള്ള ശ്രമം ഉണ്ടാകുന്നത്. ഇത്തരത്തിലുള്ള സൗരകലണ്ടറിൽ ചാന്ദ്രമാസത്തേക്കാൾ പത്തോ പതിനൊന്നോ ദിവസം കൂടുതലായിരിക്കും.

ഇന്ന് ലോകമെങ്ങും പ്രചാരത്തിലുള്ളതും സമയകൃത്യത കർശനമായി പാലിച്ചുപോരുന്നതുമായ കലണ്ടർ ക്രിസ്തുവർഷം എന്നുകൂടി പേരുള്ള ഗ്രിഗേറിയൻ കലണ്ടറാണ്. ചരിത്രകാരന്മാർ ക്രിസ്തുവിനു പിമ്പ് (എ ഡി), ക്രിസ്തുവിന് മുമ്പ് (ബി സി) എന്നൊക്കെ കാലയളവ് പറയുന്നത് ഈ കലണ്ടറിനെ അടിസ്ഥാനമാക്കിയാണ്. ഇപ്പോൾ അതിനെ പൊതുവർഷം (സി ഇ) എന്നാണ് പറഞ്ഞുവരുന്നത്.

നേരത്തെ പത്തുമാസം മാത്രം ഉണ്ടായിരുന്ന കലണ്ടറിനുപകരം മുന്നൂറ്റി അറുപത്തിയഞ്ചേകാൽദിവസം ഒരു വർഷം എന്നു കണക്കാക്കി ജൂലിയസ് സീസർ പ്രചാരത്തിൽ കൊണ്ടുവന്ന കലണ്ടറിലാണ് ആദ്യമായി ഒന്നാമത്തെയും

| JULIAN 1582 | | October | | | Gregorian 1582 | |
|---|---|---|---|---|---|---|
| Sun | Mon | Tues | Wed | Thurs | Fri | Sat |
| | 1 | 2 | 3 | 4 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | | | | | | |

രണ്ടാമത്തെയും മാസങ്ങളായി ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങൾ ഉൾപ്പെടുത്തിയത്. ദിവസങ്ങളുടെ കണക്ക് ശരിയാക്കാൻ ചില മാസങ്ങൾക്ക് 30 ദിവസവും ചില മാസങ്ങൾക്ക് 31 ദിവസവും എന്ന് നിശ്ചയിച്ചത് ഫെബ്രുവരിയുടെ കാര്യത്തിൽ സാധാരണ വർഷങ്ങളിൽ 28 ദിവസം മാത്രമായി. നാലുവർഷം കൂടുമ്പോൾ ഫെബ്രുവരിക്ക് 29 ദിവസം ഉണ്ടാകും.(വർഷസംഖ്യയെ നാലുകൊണ്ട് ഹരിച്ചാൽ ശിഷ്ടം വരുന്നില്ലെങ്കിൽ ആ വർഷം ഫെബ്രുവരിക്ക് 29 ദിവസം ആയിരിക്കും.)



ജൂലിയൻ കലണ്ടർ എന്നറിയപ്പെട്ട ഈ കലണ്ടറായിരുന്നു യൂറോപ്പിൽ ഏതാണ്ട് 1500വർഷത്തോളം നിലനിന്നിരുന്നത്. ഒരു വർഷത്തിന് യഥാർഥത്തിൽ 365 ദിവസം കൂടാതെ 5 മണിക്കൂർ 48 മിനിറ്റും 46 സെക്കന്റുമാണ് ഉള്ളത്. നാലു വർഷം കൂടുമ്പോൾ ഒരു ദിവസം വീതം വർധിപ്പിക്കുന്ന പതിവ് തുടങ്ങിയപ്പോൾ, പതിനാറാം നൂറ്റാണ്ടായപ്പോഴേക്കും വർഷക്കണക്കിൽ പത്തുദിവസത്തോളം കൂടുതലായെന്ന് പല പണ്ഡിതരും മനസ്സിലാക്കി. അന്നത്തെ മാർപാപ്പ ആയിരുന്ന ഗ്രിഗറി പതിമൂന്നാമൻ 1582 ഒക്ടോബർ 4 വ്യാഴാഴ്ചയ്ക്കു ശേഷം അടുത്തദിവസമായി ഒക്ടോബർ 15 വെള്ളിയാഴ്ച ആയിരിക്കും എന്ന മാറ്റം വരുത്തി. ഈ പിശക് പിന്നീട് വരാതിരിക്കാൻ, നൂറ്റാണ്ട് പൂർത്തിയാകുന്ന വർഷങ്ങളെ 400കൊണ്ട് ഹരിച്ചാൽ ശിഷ്ടം വരില്ലെങ്കിൽ മാത്രമേ ആ വർഷം ഫെബ്രുവരിക്ക് 29 ദിവസം വേണ്ടതുള്ളൂ എന്നും തീരുമാനിച്ചു. അതിനുശേഷമാണ് ഈ കലണ്ടർ ഗ്രിഗോറിയൻ കലണ്ടർ എന്ന് അറിയപ്പെട്ടത്.

### കേരളത്തിൽ പ്രചാരത്തിലുള്ള മറ്റ് കലണ്ടറുകൾ

ഇസ്ലാംമതവിശ്വാസത്തിന്റെ ഭാഗമായാണ് ഹിജ്റാ കലണ്ടർ കേരളത്തിൽ പ്രചാരത്തിൽ വന്നത്. ഇസ്ലാമിക ആഘോഷങ്ങൾ ഈ കലണ്ടർ അനുസരിച്ചാണ് കണക്കാക്കുന്നത്. ഇന്ത്യൻ കലണ്ടർ എന്ന നിലയ്ക്ക് ശകവർഷ കലണ്ടറും മലയാളം കലണ്ടർ എന്ന നിലയ്ക്ക് കൊല്ലവർഷ കലണ്ടറും കേരളത്തിൽ പ്രചാരത്തിലുണ്ട്.

# ആൻഡിസിന്റെ റാണി

ശ്രീപ്രസാദ് വടക്കേപ്പാട്ട്



തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറ് ഭാഗത്ത്, തെക്കുനിന്നും വടക്കോട്ട് നീണ്ടു നിവർന്നു കിടക്കുന്ന പർവ്വതനിരയാണ് ആൻഡിസ് (Andes mountain range). അർജന്റീന, ചിലി, ബൊളീവിയ, പെറു, ഇക്വഡോർ, കൊളംബിയ, വെനിസ്വല എന്നീ ഏഴ് രാജ്യങ്ങളെ തൊട്ടുതലോടിക്കൊണ്ടാണ് ഈ പർവ്വതഭീമൻ കിടക്കുന്നത്. ഏതാണ്ട് ഒൻപതിനായിരം കിലോമീറ്റർ നീളവും പലഭാഗങ്ങളിലായി ഇരുന്നൂറ് മുതൽ എഴുന്നൂറു കിലോമീറ്റർ വരെ വീതിയുമുള്ള ഈ ഗംഭീരൻ പർവ്വതനിരയുടെ ശരാശരി ഉയരം നാലായിരം മീറ്ററാണ്. ആൻഡിസിലെ 6961 മീറ്റർ ഉയരമുള്ള അകൊൻകാഗ്വ (Aconcagua) ഏഷ്യൻ ഭൂഖണ്ഡത്തിനു പുറത്തുള്ള ഏറ്റവും ഉയരമേറിയ കൊടുമുടിയാണ്. ആൻഡിസിന്റെ ഗാംഭീര്യം കണ്ടാൽ തെക്കേ അമേരിക്കയുടെ രാജാവെന്ന് വിളിക്കാൻ തോന്നും! അങ്ങനെ ആരെങ്കിലും വിളിച്ചിട്ടുണ്ടോ എന്നറിയില്ല; വിളിച്ചാലും ഇല്ലെങ്കിലും ഈ പർവ്വത രാജാവിന് ഒരു റാണി ഉണ്ട്. ആ റാണിയാണ് 'പൂയ റായ്മൊൺദി' (Puya raimondii). ഇതൊരു സസ്യമാണ്. പെറുവിന്റേയും ബൊളീവിയയുടെയും പരിധിയിലുള്ള ആൻഡിസിന്റെ, മൂവായിരം മുതൽ അയ്യായിരം മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളിൽ മാത്രമാണ് സ്വാഭാവികമായി ഇവ വളരുന്നത്. ഉയർന്ന പർവ്വതപ്രദേശങ്ങളിൽ കാണപ്പെടുന്ന ഇത്തരം ചെടികളെ പൊതുവെ alpine plants എന്നാണ് വിളിക്കുന്നത്.



1830ൽ ഈ സസ്യത്തെക്കുറിച്ച് ശാസ്ത്രീയമായി ആദ്യം പരാമർശിച്ചത് ഫ്രഞ്ച് ശാസ്ത്രജ്ഞനായ അൽസിഡെ ഡി ഓർബീഞ്ഞിയാണ് (Alcide d'Orbigny). നാലായിരത്തോളം മീറ്റർ ഉയരമുള്ള ബൊളീവിയയുടെ ആൻഡിസ് മേഖലകളായ വക്കാസ്, കൊച്ചബാംബ (Vacas, Cochabamba) എന്നിവിടങ്ങളിൽ പര്യവേഷണം നടത്തുമ്പോഴാണ് അദ്ദേഹം ഇത്തരമൊരു സസ്യത്തെ കണ്ടെത്തുന്നതും അതിനെക്കുറിച്ച് ലോകത്തോട് വിശദീകരിക്കുന്നതും. പിന്നീട് 1874ൽ ഇറ്റാലിയൻ സസ്യശാസ്ത്രജ്ഞനായ അന്റോണിയോ റായ്മൊൺഡി (Antonio Raimondi) പെറുവിലെ Chavin de Huantar എന്ന സ്ഥലത്ത് ഈ സസ്യത്തെ കണ്ടെത്തി. അതിനെ അദ്ദേഹം പൗരീഷ്യ ജൈജാന്റിയ (Pourretia Gigantea) എന്ന് തന്റെ പുസ്തകമായ എൽ പെറുവിൽ (El Peru) നാമകരണം ചെയ്തു. പെറുവിലേക്ക് കുടിയേറ്റം നടത്തിയ ആളായിരുന്നു അന്റോണിയോ റായ്മൊൺഡി. പെറുവിനെ ഏറെ ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം തന്റെ പുസ്തകത്തിൽ, ആ രാജ്യത്തിന്റെ ഭൂമിശാസ്ത്രം, സസ്യജീവി വൈവിധ്യങ്ങൾ, നരവംശശാസ്ത്രം, പുരാവസ്തുശാസ്ത്രം തുടങ്ങിയവയെല്ലാം പ്രതിപാദിച്ചിട്ടുണ്ട്. പെറുവിൽ അങ്ങോളമിങ്ങോളം ഒരുപാട് യാത്രചെയ്ത അദ്ദേഹത്തിന്റെ ശേഖരങ്ങൾ തലസ്ഥാനമായ ലിമയിലെ റായ്മൊൺഡി മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. 1928ൽ ജർമ്മൻ സസ്യശാസ്ത്രജ്ഞനായ ഹെർമൻ ഹാംസ് (Hermann Harms) പൗരീഷ്യ ജൈജാന്റിയയെ പൂയ ജനുസ്സിലേക്ക് വർഗീകരിക്കുകയും, റായ്മൊൺഡിയുടെ സ്മരണാർഥം പൂയ റായ്മൊൺഡിയെന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു.

നമുക്ക് സുപരിചിതമായ കൈതച്ചക്ക ഉൾപ്പെടുന്ന ബ്രൊമീലിയേസിയേ (Bromeliaceae) കുടുംബത്തിലെ അംഗമാണ് പൂയ റായ്മൊൺഡി. പൊതുവെ വരണ്ട പ്രദേശങ്ങളിൽ കാണപ്പെടുന്ന ഇതിന്റെ താഴ്ഭാഗം ഒന്നര മീറ്ററോളം വ്യാസത്തിൽ വളരുന്നു. ഇവയുടെ കട്ടിയുള്ള ഇലകൾ വെള്ളം ശേഖരിച്ചു വയ്ക്കാൻ സഹായിക്കുന്നു. കൈതയുടെ ഇലകൾ പോലെ നീണ്ട്, കടുംപച്ചനിറമുള്ള ഇലകളുടെ വശങ്ങളിൽ മുള്ളുകളുണ്ട്. ഒരു വലിയ ചെടിയുടെ ഇലകൾക്ക് 100 ലിറ്റർ വെള്ളം വരെ സംഭരിക്കാൻ കഴിയുമെന്ന് പറയപ്പെടുന്നു. ഇത് വരണ്ട കാലാവസ്ഥയിൽ അതിജീവനത്തിന് അതിനെ സഹായിക്കുന്നു. ഇലകളിലെ മുള്ളുകൾ, ഭക്ഷണത്തിനായി ജീവികൾ ഇല കടിക്കുന്നതിനെ ഒരളവുവരെ പ്രതിരോധിക്കുകയും ചെയ്യുന്നു.

പൂയ റായ്മൊൺഡി ഒരു പ്രോട്ടോ കാർണിവോറസ് (Protocarnivorous plant) വിഭാഗത്തിൽപ്പെട്ട സസ്യമാണെന്ന് ചില സസ്യശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നുണ്ട്. ഇതിന് മതിയായ തെളി



അന്റോണിയോ റായ്മൊൺഡി



അൽസിഡെ ഡി ഓർബീഞ്ഞി

വുകൾ കിട്ടിയിട്ടില്ലെന്ന് മറ്റുചിലരുടെ വാദം. പ്രാണികളെയോ ചെറിയ മൃഗങ്ങളെയോ കെണിയിലാക്കി കൊല്ലുമെങ്കിലും, മാംസഭോജിയായ സസ്യങ്ങളെപ്പോലെ (carnivorous plants) ഇരയെ ദഹിപ്പിക്കാനോ അതിലെ പോഷകങ്ങൾ ആഗിരണം ചെയ്യാനോ ഉള്ള കഴിവില്ലാത്ത സസ്യങ്ങളാണ് പ്രോട്ടോകാർണിവോറസ് വിഭാഗത്തിൽപ്പെടുന്നത്. ഈ വിഭാഗത്തിൽപ്പെട്ട സസ്യങ്ങൾ യഥാർഥ മാംസഭോജിയിലേക്കുള്ള പരിണാമ പാതയിലാണെന്നാണ് ഗവേഷകർ പറയുന്നത്.

എൺപതുമുതൽ നൂറു വയസ്സുവരെ ആയുസ്സുള്ള പൂയ റായ്മൊൺഡി ജീവിതത്തിൽ ഒരിക്കൽ മാത്രമാണ് പുഷ്പിക്കുന്നത്. പുഷ്പിക്കുന്നതോടെ അതിന്റെ ജീവിതകാലം അവസാനിക്കുന്നു. ആറു മീറ്ററോളം നീളമുള്ള, ശാഖകളോടുകൂടിയ പൂങ്കുല (ispiciform panicle അല്ലെങ്കിൽ branched infloresence) ഈ സസ്യത്തിന്റെ പ്രത്യേകതയാണ്. ഇതിനാൽ ശാഖകളോടുകൂടിയ ഏറ്റവും വലിയ പൂങ്കുലയുള്ള സസ്യമെന്ന പദവി പൂയ റായ്മൊൺഡിക്ക് സ്വന്തമായി. ക്രീം നിറത്തിലുള്ള ആയിരക്കണക്കിന് പൂക്കൾ ഈ പൂങ്കുലയിൽ ഉണ്ടായിരിക്കും. പൂയ റായ്മൊൺഡി പൂത്തുനിൽക്കുന്നത് അപൂർവ്വവും നയനസുന്ദരവുമായ കാഴ്ചയായാണ് പല സസ്യശാസ്ത്രജ്ഞരും രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ പൂക്കൾ അതിമധുരമായ തേൻ പോലുള്ള കൊഴുത്ത പദാർഥം പുറത്തുവിടുന്നു. ഇത് ഒച്ചുകളെപ്പോലുള്ള പരാഗജീവികളെ ആകർഷിക്കുന്നു. ഈ ജീവികളാണ് പൂയ റായ്മൊൺഡിയുടെ പരാഗണത്തിന് സഹായിക്കുന്നത്.

ആവാസവ്യവസ്ഥയിലേക്കുള്ള മനുഷ്യന്റെ അമിതമായ കടന്നുകയറ്റവും വിഭവ ചൂഷണവും, നിയമവിരുദ്ധമായ വ്യാപാരം, കാലാവസ്ഥാ വ്യതിയാനം, മനുഷ്യനിർമ്മിത കാട്ടുതീ തുടങ്ങിയവയെല്ലാം പൂയ റായ്മൊൺഡി എന്ന അപൂർവ്വമായ സസ്യവിഭാഗത്തിന്റെ നിലനിൽപ്പിന് വലിയ ഭീഷണിയാണ് സൃഷ്ടിക്കുന്നത്. അത്യന്തം വംശനാശ ഭീഷണി നേരിടുന്ന വിഭാഗത്തിലാണ് ഇവയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ന് ലോകത്തിൽ അവശേഷിക്കുന്ന ഈ വിഭാഗത്തിന്റെ ഏതാണ്ട് പകുതിയും പെറുവിലെ Titankayocc പ്രാദേശിക സംരക്ഷിത മേഖലയിലാണ് ഉള്ളത്. മറ്റുള്ളവ പെറുവിലെയും ബൊളീവിയയിലെയും പർവത പ്രദേശങ്ങളിൽ പല ഭാഗത്തായി ചിതറിക്കിടക്കുന്നു.

പൂയ റായ്മൊൺഡി അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ മാത്രമാണ് വളരുന്നത്. നല്ല സൂര്യപ്രകാശത്തോടൊപ്പം ഭാഗികമായ തണൽ (പർവ്വതനിരകളുടെ ചെരിവുകൾ ഇതിന് അനുയോജ്യമാണ്), നല്ല നീർവാർച്ചയുള്ള മണ്ണ്, മിതമായ നനവ്, സമുദ്രനിരപ്പിൽനിന്നും മൂവായിരം തൊട്ട് അയ്യായിരം മീറ്റർവരെ ഉയരത്തിലുള്ള മഞ്ഞില്ലാത്ത പ്രദേശം എന്നിവയെല്ലാം ഒത്തുവന്നാൽമാത്രമാണ് ഇത്തരം ആവാസവ്യവസ്ഥ സൃഷ്ടിക്കപ്പെടുന്നത്. മറ്റു പ്രദേശങ്ങളിൽ കൃത്രിമമായി ഈ അവസ്ഥ സൃഷ്ടിച്ച് ഇവ വളർത്തുന്നത് വലിയ വെല്ലുവിളിയാണ്.



പൂയ റായ്മൊൺഡി പ്രകൃതിയുടെ ഒരു അത്ഭുത സൃഷ്ടിതന്നെയാണ്. വ്യത്യസ്തമായ രൂപവും അനുപമമായ സവിശേഷതകളും അതിനെ സസ്യശാസ്ത്രജ്ഞർക്കും സസ്യപ്രേമികൾക്കും പ്രിയപ്പെട്ടതാക്കുന്നു. അപൂർവ്വമായ ഈ സസ്യത്തെ സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. ഈ സസ്യവിഭാഗത്തേയും അതിന്റെ ആവാസവ്യവസ്ഥയേയും സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ പെറുവിലെയും ബൊളീവിയയിലെയും സർക്കാരുകളുടെയും പ്രകൃതിസ്നേഹികളുടെയും നേതൃത്വത്തിൽ നടക്കുന്നുണ്ട്. നമ്മുടെ ഭാവി തലമുറകൾക്ക് പൂയ റായ്മൊൺഡി കാണുന്നതിനും അവയെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും അവസരമുണ്ടാകുമെന്ന് പ്രത്യാശിക്കാം.


*അവലംബം:*

https://www.inaturalist.org/taxa/85402-Puya-raimondii

https://www.frontiersin.org/journals/conservation-science/articles/10.3389/fcosc.2024.1349553/full

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

## പൊട്ടി പ്പൊളിഞ്ഞ ചില്ലുകൂടാരം



വര: സചീന്ദ്രൻ കാറഡ്ക്ക

പതിവുപോലെ കുളിച്ചൊരുങ്ങി കണ്ണാടിയെ നോക്കി കുറേ നേരം ചിരിച്ചുനിന്നു. പുറത്തേക്കിറങ്ങി. എന്റെ മുഖവും വസ്ത്രവുമെല്ലാം അത്രയും ശ്രദ്ധ ചെലുത്തുന്നതായിരിക്കാം. എല്ലാവരുമെന്നെ അദ്ഭുതത്തോടെ നോക്കി. വഴിയിൽ കൂടി നടന്നു പോകുന്ന സ്കൂൾകുട്ടികളും ചെറുപ്പക്കാർക്കുമെല്ലാം ഒരു പരിഹാസച്ചിരിയുണ്ടായിരുന്നു. ചിലരെന്നെ കണ്ട് ബഹുമാനം കാണിക്കുന്നപോലെ തല കുനിച്ചു. ബസ്സിൽ കേറി നിന്നപ്പോൾ അടുത്തുള്ള സീറ്റിൽ ഇരുന്നയാൾ എഴുന്നേറ്റു തന്നു. റോഡ് മുറിച്ചുകടക്കാൻ ശ്രമിക്കുമ്പോൾ ഏതോ ഒരാൾ എന്റെ കൈകൾ പിടിച്ച് അപ്പുറത്തെത്തിച്ചു. ഒന്നുമൊന്നും വ്യക്തമായില്ല. ഭക്ഷണം കഴിക്കാൻ കയറിയപ്പോൾ ഒരാളെന്നെ പിടിച്ചു നടത്തി സീറ്റിലിരുത്തി. തൊട്ടടുത്തുള്ള കണ്ണാടി എന്നെ കുഴപ്പിച്ചു. നരച്ച മുടിയും കൈച്ചുള്ളികളുമുള്ള ഒരു വയസ്സൻ കോളേജ് കുപ്പായമണിഞ്ഞിരിക്കുന്നു. പിന്നെയാണ് ഞാൻ ഓർത്തത് വീട്ടിലെ കണ്ണാടിയിൽ അവിടെയുമിവിടെയുമായി ചില്ലുകൾ പൊട്ടിയിരുന്നു.

**നജ്‌വ റഹ്മാൻ**
ക്ലാസ് 10 ,
ജി എം എം ജി എച്ച് എസ് എസ്,
പാലക്കാട്

## വര

**യദു പി ജി**
ക്ലാസ് 5
ഓർക്കാട്ടേരി നോർത്ത്
യു പി സ്കൂൾ
വടകര, കോഴിക്കോട്



# അസ്തമയം

എന്താണെന്നറിയില്ല. പതിവുപോലെ ഇന്ന് മഴയുടെ ശല്യം ഉണ്ടായില്ല. പ്രഭാതത്തിൽ തന്നെ താഴേക്ക് പതിക്കേണ്ടിയിരുന്ന ആ ജലധാരകളെ സൂര്യൻ തന്റെ പ്രകാശം കൊണ്ട് കീഴ്പ്പെടുത്തിയിരിക്കുന്നു.

'എങ്ങോട്ടാ രാവിലെ?' എന്ന നാട്ടുകാരുടെയും വഴിപോക്കരുടേയും ചോദ്യത്തിന് തൃപ്തികരമായ മറുപടി ഞാൻ നൽകിയില്ല. എന്റെ ലക്ഷ്യം വെഞ്ഞാറമൂട് ഉള്ള ഒരു പഴയ ഭവനമാണ്. ഞാൻ ബസ്സിൽ കയറി. കണ്ണൂരിൽ നിന്ന് വെഞ്ഞാറമൂടേക്ക് ദൂരമേറെയുള്ളതിനാൽ ഞാൻ ഉറങ്ങുവാൻ തീരുമാനിച്ചു. ബസിന്റെ പിൻസീറ്റിൽ ഓരം ചേർന്ന് ചാരിയിരുന്നു. പക്ഷേ, എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. ചിന്തകളുടെ ഭ്രമണപഥം എന്നെ വലയം വയ്ക്കുകയായിരുന്നു. 'എന്നെ കാണുമ്പോൾ അമ്മ ശോഭേ എന്ന് വിളിക്കുമോ... എന്റെ മുഖം അമ്മയ്ക്ക് ഓർമ്മ ഉണ്ടാകുമോ എന്നൊക്കെ...'

ഒരു പതിറ്റാണ്ട് മുമ്പാണ് ഞാൻ വെഞ്ഞാറമൂട് നിന്ന് കണ്ണൂരിലേക്ക് പോയത്. ആ യാത്ര ബോധപൂർവ്വം ആയിരുന്നില്ലെങ്കിലും അത് അമ്മയെയും അച്ഛനെയും വിഷമിപ്പിച്ചു കാണും. എന്റെ ബാല്യത്തിന്റെ അവശേഷിച്ച കാലം ഞാൻ ചെലവിട്ടത് കണ്ണൂരുള്ള ഒരു ബാലഭവനിലാണ്. അവിടത്തെ കന്യാസ്ത്രീകളാണ് എന്റെ യഥാർഥ വീട് കണ്ടെത്താൻ സഹായിച്ചത്. ആ വീട് തേടിയാണ് എന്റെ യാത്ര.

പെട്ടെന്നാണ് ആരുടെയോ ശബ്ദം കേട്ട് ഞാൻ എണ്ണീറ്റത്.

'വെഞ്ഞാറമൂട്. ഇറങ്ങാനുണ്ടോ...?'

ഞാൻ വേഗം ബസ്സിന്റെ പിൻഭാഗത്ത് കൂടെ പുറത്തക്കിറങ്ങി. പിന്നീട് ആ വീട് തേടിയുള്ള യാത്രയായിരുന്നു. ആരോടോക്കെയോ അന്വേഷിച്ച് ഞാൻ ആ വീട് കണ്ടുപിടിച്ചു. അവിടെ ഇറങ്ങി. ആ വീടിന്റെ പടിവാതിൽക്കൽ എത്തി. കതകിൽ തട്ടി. അല്പം കഴിഞ്ഞ് നല്ല മുഖകാന്തിയുള്ള ഒരു രൂപം പ്രത്യക്ഷപ്പെട്ടു. ഒരു നിമിഷം അത് എന്റെ അമ്മയാണോ എന്ന് ഞാൻ സംശയിച്ചു. എങ്കിലും അല്ലെന്ന് പിന്നീട് മനസ്സിലായി.

'വാസുദേവൻനായർടെ വീടല്ലേ...?'

'അതെ.'അവർ പറഞ്ഞു

'അദ്ദേഹമുണ്ടോ?'

'ഇല്ല, മരിച്ചിട്ട് ഇന്ന് നാല് വർഷം തികയുന്നു. എന്തുവേണം?'

ഞെട്ടലോടെയാണ് ഞാൻ അത് കേട്ടത്. അവസാനമായി അച്ഛനെ കാണുവാൻ പോലും കഴിയാതെ പോയ നിർഭാഗ്യവതിയായി പോയല്ലോ ഞാൻ എന്ന ചിന്ത എന്നെ അലട്ടി. വേഗം ഞാൻ അവരോട് അമ്മയെ കുറിച്ച് തിരക്കി. അവർ എന്നെ അകത്തേക്ക് വിളിച്ചുകൊണ്ടുപോയി. ഇരുട്ട് നിറഞ്ഞ ഒരു മുറിയിൽ കട്ടിലിൽ എല്ലും തോലുമായി ഒരു സ്ത്രീരൂപം. ഒരു മിനിറ്റ് അങ്ങനെ നിന്ന ശേഷം യാതൊന്നും മിണ്ടാതെ ഞാൻ അവിടെ നിന്ന് ഇറങ്ങി. നടന്ന് ഒരു കായൽവരമ്പത്ത് എത്തി. ഞാൻ വീണ്ടും ചിന്തകളുടെ ഭ്രമണപഥത്തിനുള്ളിലായി. അപ്പോൾ അസ്തമയത്തിന്റെ പക്ഷികൾ എനിക്കരികിലൂടെ പറന്നുപോയി...



വര: സചീന്ദ്രൻ കാറഡ്ക്ക

**നെവിൻ പോൾ സന്തോഷ്**
ക്ലാസ് 10
ബിലീവേഴ്സ് ചർച്ച്
റസിഡൻഷ്യൽ സ്കൂൾ
തിരുവല്ല

# ചിലർ

ചിലരങ്ങനെയാണ്,
എത്ര ചവിട്ടിതാഴ്ത്തിയാലും
പണ്ടത്തെക്കാൾ കരുത്തോടെ
കരുതലോടെ കുതിച്ചുയരും
പുല്ലിനെപ്പോലെ!

**തീർത്ഥ വിനോദ് എം**
ക്ലാസ് 7
എ യു പി സ്കൂൾ,
പാതായിക്കര,
മലപ്പുറം



വര: സചീന്ദ്രൻ കാറഡ്ക്ക





വര: സചീന്ദ്രൻ കാറഡ്ക്ക

# ഭൂപടം

ബെല്ലടിച്ചു. ചിതറിയോടിയ
കുട്ടികൾ ക്ലാസ്സുമുറിയുടെ
ഞെരുക്കത്തിലമർന്നിരുന്നു.
ശൈത്യ ടീച്ചർ ഗ്ലോബുമായി
കയറിവന്നു.
കുട്ടികൾ ആശ്ചര്യത്തോടെ
നോക്കി.
ശിവദയോടി വന്ന് ഗ്ലോബ്
തൊട്ടുനീക്കി.
ആശങ്കയുടെ നിഴൽ പതിഞ്ഞ
കണ്ണുകൾ ചിമ്മി തുറന്നവൾ ചോദിച്ചു
'ഇതിനെല്ലായിടത്തും പൊള്ളുന്നല്ലോ ടീച്ചർ'

**തുഷാര ടി**
ക്ലാസ്സ്: 12, സയൻസ്,
ശബരി എച്ച് എസ് എസ്
പള്ളിക്കുറുപ്പ്, പാലക്കാട്

# വര

**ദിയ പി ജി**
ക്ലാസ് 7
ഓർക്കാട്ടേരി നോർത്ത് യു പി സ്കൂൾ
വടകര, കോഴിക്കോട്



# നിലാവുള്ള രാത്രി

പൂർണനിലാവിൻ ശോഭയേറുമാരാവിൽ
തിളങ്ങും തീപ്പൊരികൾ പോൽ
മിന്നാമിനുങ്ങുകൾ പൊങ്ങുന്നു...
പാതയോരത്ത് മാനം നോക്കിക്കിടക്കവേ
തെരുവിൽ അലയുമീ ജന്മം ആരെനി-
ക്കേകിയെന്നോർത്തു ഞാൻ.



വര: സചീന്ദ്രൻ കാറഡ്ക്ക

പാതിമയങ്ങവേ സ്വപ്നത്തിലെന്നമ്മ
ചാരേവന്നെനിക്കുമ്മ നൽകി.
മിന്നാമിനുങ്ങു വെളിച്ചത്തിൽ ഞാൻ കണ്ടു
ഈറനണിഞ്ഞയാ കണ്ണിണകൾ...

**വേദിക സൂരജ്**
ക്ലാസ് 4
ചെറുമാവിലായി യു. പി. സ്കൂൾ
പെരളശ്ശേരി, കണ്ണൂർ

# ഞാൻ



വര: സചീന്ദ്രൻ കാറഡ്ക്ക

എന്നോടൊപ്പം അവനും ജനിച്ചു.
സൂര്യപ്രകാശത്തിൽ മാത്രമവൻ
എന്റെ മുമ്പിൽ വന്നു. ഉറങ്ങുമ്പോൾ എന്റെ
ഉള്ളിലേക്ക് വലിഞ്ഞു. മൗനജീവിയായിട്ടും
അവനെന്നോട് മിണ്ടി. അവൻ ഇരുട്ടായിരുന്നു.
എന്നിട്ടും എനിക്കവൻ മെഴുകുതിരി
യായി- ജനനം മുതൽ മരണം വരെ അവസാനം
എന്നോടൊപ്പം ആറടി മണ്ണിൽ
അവനും മയങ്ങി.

**അക്ഷയ ആർ നാഥ്,**
ക്ലാസ്സ് 10 ജി,
എസ് കെ പി എച്ച് എസ് എസ്.,
പാലക്കാട്.



# വര

**ആദിത്യ എസ് ആർ**
ക്ലാസ്സ് 7
നസ്രത്ത് ഹോം ഇംഗ്ലീഷ് മീഡിയം സ്കൂൾ
ബാലരാമപുരം

# പുസ്തകനിറവ് പാലക്കാട് ജില്ലയിൽ സമാപിച്ചു




കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ഒരു മാസത്തോളം നീണ്ടുനിന്ന പുസ്തകനിറവ് പരിപാടി സമാപിച്ചു. ജില്ലയിലെ തെരഞ്ഞെടുത്ത പത്ത് സ്കൂളുകളിൽ ജനുവരി 6 മുതൽ ഫെബ്രുവരി 6 വരെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്. കുട്ടികൾക്കുള്ള സാഹിത്യമത്സരങ്ങൾ, സാംസ്കാരികസമ്മേളനങ്ങൾ, മലയാളഭാഷയ്ക്ക് സംഭാവനകൾ നൽകിയ മുതിർന്ന അധ്യാപകരെ ആദരിക്കുന്ന ചടങ്ങ്, കുട്ടികൾക്കുള്ള പുസ്തകങ്ങളുടെ പ്രദർശനവും വിൽപ്പനയും അടക്കം വിവിധ പരിപാടികളാണ് പുസ്തകനിറവിൽ ഉൾപ്പെട്ടിരുന്നത്.



ഭാരതമാതാ ഹയർസെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം മലമ്പുഴ എം എൽ എ. എ പ്രഭാകരൻ നിർവഹിച്ചു. സ്കൂൾ പ്രിൻസിപ്പാൾ ഫാ. ഫിലിപ്സ് പനയ്ക്കൽ സി എം ഐ അധ്യക്ഷനായിരുന്നു. മലയാള ഭാഷയ്ക്ക് നിസ്തുല സംഭാവനകൾ നൽകിയ മലയാളം അധ്യാപകൻ ബിജു വി എസിനെ ചടങ്ങിൽ ആദരിച്ചു. സാഹിത്യമത്സരവിജയികൾക്കുള്ള സമ്മാനങ്ങളും ചടങ്ങിൽ നൽകി. മരുതറോഡ് പഞ്ചായത്ത് പ്രസിഡന്റ് പി ഉണ്ണികൃഷ്ണൻ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗങ്ങളായ കെ എൻ കുട്ടി കടമ്പഴിപ്പുറം, അഡ്വ. എം രണദീഷ് തുടങ്ങിയവർ സംസാരിച്ചു.

പത്തിരിപ്പാല മൗണ്ട് സീന സ്കൂളിലെ ഉദ്ഘാടനം മണ്ണൂർ പഞ്ചായത്തു പ്രസിഡന്റ് എസ് അനിത നിർവഹിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം അഡ്വ. എം രൺദീഷ് അധ്യക്ഷനായിരുന്നു. മലയാള ഭാഷയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ മലയാളം അധ്യാപികയും എഴുത്തുകാരിയുമായ പി ബിന്ദുവിനെ മണ്ണൂർ ഗ്രാമപഞ്ചായത്തു വൈസ് പ്രസിഡന്റ് എസ് സ്വാമിനാഥൻ ചടങ്ങിൽ ആദരിച്ചു. സാഹിത്യമത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്കുള്ള സമ്മാനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ നൽകി.

THALIRU
March 2025, Volume 32, Issue No. 3, 48 Pages
Printed and Published by Palliyara Sreedharan on behalf of Kerala State Institute of Children's Literature, Thiruvananthapuram. Printed at St. Joseph's Press, Thiruvananthapuram, Kerala and Published at Kerala State Institute of Children's Literature, Sanskrit College campus, Palayam, Thiruvananthapuram -34
Editor: Palliyara Sreedharan

പള്ളിക്കുറുപ്പ് ശബരി ഹയർ സെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം മണ്ണാർക്കാട് സി ഐ രാജേഷ് എം ബി നിർവഹിച്ചു. പി ടി എ വൈസ് പ്രസിഡന്റ് മുജീബ് അധ്യക്ഷനായിരുന്നു. ഗവ. മൊയൻ മോഡൽ ജി എച്ച് എസ് എസിലെ റിട്ട. എച്ച് എം പുഷ്പ മേനോൻ മുഖ്യാതിഥി ആയിരുന്നു. മലയാള ഭാഷയ്ക്ക് നിസ്തുലസംഭാവനകൾ നൽകിയ കെ വി മാത്യു മാസ്റ്ററെ ചടങ്ങിൽ ആദരിച്ചു. സ്കൂളിലെ പൂർവവിദ്യാർഥിയും പരിപാടിയുടെ ഉദ്ഘാടകനുമായ രാജേഷ് എം ബിയെ സ്കൂൾ പ്രിൻസിപ്പാൾ എ ബിജു ആദരിച്ചു. സാഹിത്യ മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും ചടങ്ങിൽ നൽകി.



പാലക്കാട് ഭാരതമാതാ സി എം ഐ പബ്ലിക് സ്കൂളിലെ ഉദ്ഘാടനം ശിശുക്ഷേമ സമിതി ചെയർമാൻ എം വി മോഹനൻ നിർവഹിച്ചു. നല്ല പുസ്തകങ്ങൾ ഏറ്റവും വിശ്വസനീയരായ കൂട്ടുകാരാണെന്ന് അദ്ദേഹം പറഞ്ഞു.

ഭാരതമാതാ പബ്ലിക് സ്കൂൾ പ്രിൻസിപ്പാൾ ഫാ. ലിന്റേഷ് ആന്റണി അധ്യക്ഷനായിരുന്നു. മലയാള ഭാഷയ്ക്ക് മികച്ച സംഭാവനകൾ നൽകിയ ലൈബ്രേറിയൻ ലക്ഷ്മി പി എൽ നെ കഥാകൃത്ത് രാജേഷ് മേനോൻ ചടങ്ങിൽ ആദരിച്ചു. സാഹിത്യ മത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്കുള്ള സമ്മാനങ്ങളും ചടങ്ങിൽ നൽകി.



ആലത്തൂർ ബി എസ് എസ് ഗുരുകുലം സ്കൂളിലെ ഉദ്ഘാടനം ജില്ലാ പഞ്ചായത്തു പ്രസിഡന്റ് കെ ബിനുമോൾ നിർവഹിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം അഡ്വ. എം രൺദീഷ് അധ്യക്ഷനായിരുന്നു.

മലയാള ഭാഷയ്ക്ക് വിലയേറിയ സംഭാവനകൾ നൽകിയ സി ബാലചന്ദ്രനെ ചടങ്ങിൽ ആദരിച്ചു. സാഹിത്യമത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്കുള്ള സമ്മാനങ്ങൾ ആലത്തൂർ ഗ്രാമപഞ്ചായത്തു പ്രസിഡന്റ് ഷൈനി നൽകി. തളിര് സ്കോളർഷിപ്പ് 2024ൽ ജില്ലാതല വിജയികളായ 23 കുട്ടികളെയും ചടങ്ങിൽ ആദരിച്ചു.■

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2024-26

RNI No. 20076/1970
Regd KL/TV (N)/399/2024-2026

March 2025
Published on 01-03-2025 Vol:32, Issue: 3, ₹25

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ
അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക
ലഭിക്കുന്നതിനായി ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും
മാസിക ലഭിക്കേണ്ട പൂർണ്ണവിലാസം (പിൻകോഡും
മൊബൈൽനമ്പറും ഉൾപ്പെടെ)
കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക്
ഒരു കത്ത്/ ഇമെയിൽ
(thaliru@ksicl.org) കൂടി അയക്കണം.
8547971483 എന്ന നമ്പറിലേക്ക്
വാട്സ്ആപ്പ് ആയും റസീപ്റ്റും വിലാസവും
അയക്കാവുന്നതാണ്.

**ഓൺലൈനിൽ പണമടയ്ക്കാൻ**

**ACCOUNT NUMBER : 30583524448**
**IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

**തളിര് മാസിക തപാലിൽ ലഭിക്കാൻ**

**വാർഷികവരി സംഖ്യയായ
250 രൂപ
ബാങ്ക് ട്രാൻസ്ഫർ/
മണിയോർഡർ/ഡിഡി
ആയി അയക്കുക.**

**തളിര് മാസിക തപാലിൽ ലഭിക്കാൻ**
വാർഷികവരിസംഖ്യയായ
250രൂപ
യു പി ഐ /ബാങ്ക്
ട്രാൻസ്ഫർ/
മണിയോർഡർ/ഡിഡി
ആയി അയക്കുക.


വര: അരുണ ആലഞ്ചേരി